# `സ്മൃതി.....



# `സ്മൃതി.....



ഗവ. യു.പി.എസ്,വിതുര

# `സ്മൃതി.....



# `സ്മൃതി.....

| | | |
|---|---|---|
| 1 | സ്മരണാഞ്ജലി | |
| 2 | ഭരണഘടനയുടെ ആമുഖം | |
| 3 | ഗാന്ധിജി | |
| 4 | ജവഹർലാൽ നെഹ്റു | |
| 5 | ആശംസകൾ | |
| 6 | അംബേദ്കർ | |
| 7 | റിപ്പബ്ളിക് ദിനം | |
| 8 | ഡയറി | |
| 9 | കുറിപ്പ് | |
| 10 | പ്രസംഗം | |
| 11 | ഭാരതം | |
| 12 | ചിത്രങ്ങൾ | |
| 13 | കേരളം -സ്വാതന്ത്ര്യ സമരം | |
| 14 | അറിയപ്പെടാതെപോയ വനിതകൾ | |
| 15 | പതാക ഉയർത്തൽ | |
| 16 | അംബേദ്കറും ഇന്ത്യൻ ഭരണഘടനയും | |
| 17 | 1857-1950 | |
| 18 | 1857 ന് മുമ്പുള്ള മുന്നേറ്റങ്ങൾ | |
| 19 | മറക്കരുത് | |
| 20 | ചിത്രങ്ങൾ | |
| | | |

ഗവ. യു.പി.എസ്,വിതുര

# `സ്മൃതി....




ഗവ. യു.പി.എസ്,വിതുര

# `സ്മൃതി....


റിപ്പബ്ളിക് ദിന ആശംസകൾ
'ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി സംവിധാനം ചെയ്യുവാനും അതിലെ പൗരർക്കെല്ലാം:
സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവും ആയ നീതിയും,
ചിന്തയ്ക്കും, ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ഭക്തി ആരാധനാ എന്നിവയ്ക്കുള്ള സ്വാതന്ത്ര്യം,
പദവിയിലും, അവസരത്തിലും സമത്വവും, സംപ്രാപ്തമാക്കുവാനും,
അവർക്കെല്ലാമിടയിൽ,
വ്യക്തിയുടെ അന്തസ്സും രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യം പുലർത്തുവാനും,
സഗൗരവം തീരുമാനിച്ചിരിക്കുകയാൽ,
നമ്മുടെ ഭരണഘടനാസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം ഈ ഭരണഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.'
ജനുവരി 26 ന് ഭരണഘടന നിലവിൽ വന്നു.
ഭരണഘടനാ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് മതനിരപേക്ഷ ഇന്ത്യക്കായി നമുക്ക് കൈകോർക്കാം.
ഗവ:യു .പി എസ്, വിതുര

# സ്മൃതി



സ്വന്തം ജീവിതത്തെ
സന്ദേശമാക്കുകയും മറുവശത്ത് ആ
സന്ദേശത്തെ സ്വന്തം
ജീവിതമാക്കുകയും ചെയ്ത അദ്ഭുത
പ്രതിഭാസമാണ് ഗാന്ധിജി.
ഒരർഥത്തിൽ, അദ്ദേഹത്തിന്റെ മരണം
പോലും ഒരു വലിയ
സന്ദേശമായിരുന്നു. ഈ വിധം
ഗാന്ധിജി നൽകിയ സന്ദേശങ്ങളിലാണ്
ലോകം പ്രതീക്ഷയോടെ
ഉറ്റുനോക്കുന്നത് - സമാധാനത്തിനു
വേണ്ടി; അനീതിക്കെതിരെ പോരാടാൻ;
പരസ്പര സഹവർത്തിത്വത്തോടെ
ജീവിക്കാൻ; എന്തിനേറെ,
പാരിസ്ഥിതിക പ്രശ്നങ്ങൾക്കു
പരിഹാരം കാണാൻ പോലും.

ഗവ.യു.പി.എസ്,വിതുര.

# സ്മൃതി



ജവഹർലാൽ നെഹ്റു
ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയും
സ്വാതന്ത്ര്യസമരസേനാനിയും
ആധുനിക ഇന്ത്യയുടെ ശില്പി എന്നും
അദ്ദേഹം അറിയപ്പെടുന്നു 1889
നവംബർ 14ന് അലഹബാദിൽ
മോത്തിലാൽനെഹ്റുവിന്റെയും
സ്വരൂപ് റാണിയുടേയും മകനായി
ജനിച്ചു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയ
1947 മുതൽ 1964 ൽ
മരിക്കുന്നതുവരെ പ്രധാനമന്ത്രി ആയി
സേവനമനുഷ്ടിച്ചു. തത്ത്വചിന്തകൻ
ചരിത്രകാരൻ, രാഷ്ട്രീയ നേതാവ്
എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു
അദ്ദേഹത്തിന്റെ ജന്മദിനം
ശിശുദിനമായി ആചരിക്കുന്നു. 1964
മെയ് 27-ന് ന്യൂഡൽഹിയിൽ
അന്തരിച്ചു

**ഗദ്ദർ മാനവ് 7G**

ഗവ.യു.പി.എസ്,വിതുര.

# സ്മൃതി



പ്രിയമുള്ളവരെ ,

രാജ്യത്ത് ഭരണഘടന നിലവിൽ വന്ന് ഒരു സ്വതന്ത്ര ജനാധിപത്യ രാഷ്ട്രമായി ഇന്ത്യ മാറിയതിന്റെ ഓർമക്കായി 2021 ജനുവരി 26 നും റിപ്പബ്ലിക്ക് ദിനമായി രാജ്യം ആഘോഷിച്ചു. പക്ഷെ മനുഷ്യരാശിയുടെ ചരിത്രത്തിലെ ഒരു ഇരുണ്ട അധ്യായമായി കാലം രേഖപ്പെടുത്തിയേക്കാവുന്ന നാൾവഴികളിലൂടെയാണ് നാം യാത്ര ചെയ്യുന്നത്. ഒരുവശത്ത് മനുഷ്യൻ എന്ന അഹങ്കാരത്തെ വെല്ലുവിളിച്ച് ഒരായിരം ചോദ്യ ശരങ്ങൾ പായിച്ച് കാലം ആർത്തട്ടഹസിക്കുന്ന കോവിഡ് മഹാമാരി , മറ്റൊരിടത്ത് ജനാധിപത്യത്തെയും ഭരണഘടനയേയും കപട ആശയങ്ങൾ കൊണ്ട് വഴി തെറ്റിക്കാൻ ശ്രമിക്കുന്ന ചില അധികാര കേന്ദ്രങ്ങൾ....

നമുക്ക് മുന്നോട്ട് യാത്ര ചെയ്തേ മതിയാകൂ...
അതിജീവനത്തിന്റെ പുതിയ വീഥികൾ കണ്ടെത്തിയേ മതിയാകൂ.
പാതകൾ സ്വയം സൃഷ്ടികൾ അല്ല.
നമ്മൾ നടക്കുന്നത് എവിടെയാണോ അവിടെയാണ് പാതകൾ ഉണ്ടാകുന്നത് എന്ന വാക്കുകൾ നമുക്ക് മനസിൽ സൂക്ഷിക്കാം.

പഠന പ്രവർത്തനങ്ങളിൽ നമ്മൾ സ്വായത്തമാക്കിയ ഇത്തരം സങ്കേതങ്ങൾക്ക് ഉദാഹരമാണ് വിതുര ഗവ.യു.പി എസിന്റെ ———— ഡിജിറ്റൽ മാഗസിൻ. റിപ്പബ്ളിക്ക് ദിനവുമായി ബന്ധപ്പെട്ട് കുട്ടുകാർ തയ്യാറാക്കിയ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

നേതൃത്വം നൽകിയ എച്ച് എം, പിടി എ , അധ്യാപകർ എല്ലാവർക്കും ഒരിക്കൽ കൂടെ ആശംസകൾ

സ്നേഹപൂർവ്വം

ഡോ. ബിച്ചു കെ എൽ
ബി പി സി
ബി ആർ സി പാലോട്

# സ്മൃതി

## ആശംസകൾ ......




ഇന്ത്യ ഒരു രാഷ്ട്രമെന്ന നിലയിൽ പരമാധികാര പ്രാപ്തിയുടെ അഭിമാനസ് മൃതിയുമായി 72 മത് റിപ്പബ്ലിക് ദിനം നാമിന്ന് ആഘോഷിക്കുകയാണ്.പടർന്നും പരന്നും നിരക്കുന്ന വൈവിധ്യങ്ങളെ ഒരുരാഷ്ട്രമെന്ന' ഏകതാബോധം' ഒരുമിച്ചുചേർക്കുമ്പോൾ നാം ലോകത്തിന് മുന്നിൽ പുരോഗതിയിൽ തന്നെയാണ്.സാമൂഹ്യവും സാംസ്കാരികവും വൈജ്ഞാനികവുമായ മേഖലകളിൽ നമ്മൾ കുതിപ്പുകൾ തുടരുകയാണ് .സൗഭാഗ്യങ്ങളുടെ ഗിരി ശിഖരങ്ങളിലേക്ക്പ്രയാണം ചെയ്യുമ്പോൾ സമാനതകളില്ലാത്ത സമരാവേശത്തിലൂടെയും ത്യാഗതീക്ഷണതയിലൂടെയും സ്വാതന്ത്രിയത്തിൻെ ആകാശം നമുക്കായി നേടിത്തന്ന അറിയപ്പെടുന്നതും അറിയപ്പെടാതെപോയതുമായ ഓരോരുത്തരെയും നാം ഓർത്തുവയ്ക്കുക തന്നെ വേണം.

ഉയിരുകൊണ്ടു പൊതിഞ്ഞ്,നിശ്ചയദാർഢ്യത്തിൻെ ഹൃദയതാളം ചേർത്ത് അവരൊക്കെയും നമുക്കായി നേടിത്തന്നതാണ് ഈ ഇടങ്ങളെന്ന് നാം കരുതുകതന്നെ വേണം.അതോടൊപ്പം ഒരേ ജനതയെന്ന നമ്മുടെ നിലയെത്തന്നെ അസാധുവാക്കാൻ മുളയ്ക്കുന്ന ഏത് പ്രതിലോമതയ്ക്ക് എതിരെയും പൊരുതുവാൻ നാം ഒരുമിച്ച് ഇറങ്ങുകതന്നെവേണം ...മണ്ണിൽജീവിതം വിതച്ച് കൊയ്ത്ത്നൂറ്മേനിയാക്കുവാൻ വിയർപ്പ് ചിന്തുന്നവരോട് ചേർന്ന് നിൽക്കുകതന്നെവേണം...
ഇടനെഞ്ചിൻെറ തുടിമുഴക്കത്തോടെ മനസ്സ്ചേർത്ത് നമുക്ക് പ്രതിജ്ഞചെയ്യാം
'കൈവിടില്ല നാമീനാടിൻെറ സ്വാതന്ത്ര്യമിന്ന് '

SOBHANADEVI .P P
HM IN CHARGE.

ഗവ. യു.പി.എസ്,വിതുര

# സ്മൃതി



പ്രിയമുള്ളവരെ

ഇന്ത്യയുടെ 72-ാം റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് വിതുര ഗവ: UPS ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുകയാണ്. സ്വാതന്ത്ര്യ സമര പോരാട്ടങ്ങളിലെ അത്രകണ്ട് അറിയപ്പെടാത്ത വനിതാ പോരാളികളെ ഉൾപ്പെടെ വിശദമായി സ്മരിക്കുന്നതാണ് ഈ ഡിജിറ്റൽ മാഗസിൻ.

സ്വാതന്ത്ര്യ സമരമുൾപ്പെടയുള്ള ചരിത്ര സത്യങ്ങളെ മാറ്റിമറിക്കുന്ന ഈ കാലഘട്ടത്തിൽ, സമൂഹത്തിനും കുട്ടികൾക്കും സത്യത്തിന്റെ ബോധ്യപ്പെടലാകെട്ടേന്ന് ആഗ്രഹത്തോടെ.....
ഡിജിറ്റൽ മാഗസ്സിന് ആശംസകൾ.

**S.സഞ്ജയൻ,**
**PTA പ്രസിഡന്റ്,**
**ഗവ:യു .പി .എസ്, വിതുര**

# സ്മൃതി



പ്രിയപ്പെട്ട കുട്ടികളെ,

ഭാരതമാണ് നമ്മുടെ രാജ്യം.
'ഭാരതം' എന്ന വാക്കിന്റെ അർത്ഥം
നിങ്ങൾക്കറിയാമോ...?
'ഭാസ്സിൽ രതമുള്ള ' എന്നാണർത്ഥം.
എന്താണ് 'ഭാസ്സ്' എന്ന
വാക്കിനർത്ഥം...? തിളക്കം,
പ്രകാശം എന്നൊക്കെയാണ്ട് ആ
പദത്തിനർത്ഥം. 'രതം' എന്നാൽ
ആഹ്ലാദം, താല്പര്യം
എന്നൊക്കെയർത്ഥം പറയാം...

അപ്പോൾ 'പ്രകാശത്തിൽ താല്പര്യവും
സന്തോഷവുമുള്ള രാജ്യം' എന്നാകുന്നു
ഭാരതം എന്ന വാക്കിനർത്ഥം... !
ലോകത്തിന് വെളിച്ചംപകർന്നു
നിലകൊള്ളുകയാണ് നമ്മുടെ രാജ്യം...

ത്യാഗമാണ് ഇന്ത്യ...
സത്യവും സ്നേഹസൗഹൃദവുമാണ് ഈ
ദേശത്തിന്റെ കൈമുതൽ. ദീർഘകാലം
വിദേശാധിപത്യത്തിൻകീഴിൽ
അമർന്നു പോയിരുന്നു നമ്മുടെ
മാതൃരാജ്യം. ഒട്ടേറെ
ധീരദേശാഭിമാനികളുടെ
ആത്മാഭിമാനബോധമാണ് നമ്മുടെ
രാജ്യത്തിന്റെ വിമോചനത്തിനു
കാരണമായത്. അവരിൽ
ആരാലുമറിയപ്പെടാതെപോയ ധാരാളം
ആളുകളുണ്ട്. കരുത്തരായ അവരുടെ
അക്ഷീണ പ്രയത്നവും
ദീർഘവീക്ഷണവും നാം മറന്നു കൂടാ...
അവർ നമ്മുടെ ജീവശ്വാസത്തിന്റെ
ഭാഗമായിരിക്കേണ്ടതാണ്.

ഈ റിപ്പബ്ലിക് ദിനത്തിൽ അവരുടെ
സ്മരണകൾ നമ്മുടെ
കർമ്മമേഖലകളിൽ നമുക്ക്
ഊർജ്ജമായിത്തീരട്ടെ....

നമ്മുടെ നിത്യസ്മരണകളിൽ അവർ
ഉണ്ടാകട്ടെ....

**ഉദയ.PR**
**സ്റ്റാഫ് സെക്രട്ടറി**

# സ്മൃതി



നമ്മുടെ രാജ്യത്തിന്റെ സ്വാതന്ത്ര്യലേക്കുള്ളപരിവർത്തനം പൂർത്തീകരിക്കപ്പെടുന്നത്1950 ജനുവരി26 നാണ്.Dr.B R അംബേദ്കറിന്റെ നേതൃത്വത്തിലാണ് ഈ ഭരണഘടനയ്ക്ക് രൂപംനൽകിയത്.ഇന്ത്യയിന്നുംഒരു പരമാധികാര ജനാധിപത്യരാഷ്ട്രമായി നിലനിൽക്കുന്നതിൽ നാം കടപ്പെട്ടിരിക്കേണ്ടതുംഈ ഭരണഘടനയോടാണ്.അയൽരാഷ്ട്രങ്ങളിലെല്ലാം ജനാധിപത്യം നിരന്തരം ധ്വംസിക്കപ്പെട്ടപ്പോഴും നമുക്ക് പ്രതിസന്ധികളെ അതിജീവിച്ച് തലയുയർത്തി നിൽക്കാനുള്ള ഇടം നൽകിയതും ഈ ഭരണഘടനതന്നെയാണ്.ഓരോ റിപ്പബ്ളിക് ദിനവും ഒർമപ്പെടുത്തുന്ന ഏറ്റവും പ്രധാന സന്ദേശവും ഭരണഘടനയെ സംരക്ഷിച്ച് നിർത്തേണ്ടതിന്റെ ആവശ്യകതയല്ലാതെ മറ്റൊന്നുമല്ല. മലയോര മേഖലയിലെ മുത്തശ്ശി പള്ളിക്കൂടമായി മാറിയ വിതുര യു.പി .എസ് ഇന്ന് ജില്ലയിലെയും സംസ്ഥാനത്തെയും ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ ഒന്നായി തീർന്നിരിക്കുന്നത് അഭിമാനകരമാണ് .72 മത് റിപ്പബ്ളിക് ആഘോഷിക്കുന്ന ഈ വേളയിൽ സ്കൂൾ തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു.

M.S .റഷീദ്
SMC ചെയർമാൻ
ഗവ.യു. പി .എസ്,വിതുര.



ആശംസകൾ.....

നൂറ്റാണ്ടുകളുടെ പാരതന്ത്ര്യത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേയ്ക്കും പരമാധികാരത്തിലേക്കും നമ്മുടെ നാട് രൂപപ്പെട്ടതിന്റെ ഓർമപ്പെടുത്തലാണ് ഓരോ റിപ്പബ്ളിക് ദിനവും' വൈവിധ്യങ്ങളെ ആഘോഷിക്കാനും ഉൾക്കൊള്ളാനും ലോകത്തെ പഠിപ്പിച്ച ഉന്നതമായ ഒരു സംസ്കാരത്തിന്റെ പ്രതിഫലനമാണ് നമ്മുടെ ഭരണഘടന. നീലാകാശം പോലെ സുന്ദരമായ സ്വാതന്ത്ര്യത്തിന്റെ നിലനിൽപ്പിന് ഈ ഭരണഘടന ചിറകേകുന്നു. ഭരണഘടന ശില്പികൾ വിഭാവനം ചെയ്ത മൂല്യങ്ങളെ നാമോരുരുത്തരും സംരക്ഷിക്കേണ്ടതുണ്ട്. പൂക്കളെക്കാൾ മുള്ളുകൾ നിറഞ്ഞ നമ്മുടെ രാജ്യം അർത്ഥപൂർണമായ സ്വാതന്ത്ര്യത്തിലേക്ക് ഇനിയും ഉറച്ച ചുവടുകൾ വയ്ക്കേണ്ടിയിരിക്കുന്നു ആശംസകളോടെ

C. പ്രകാശ്,
ഗവ.യു.പി.എസ്, വിതുര:

# സ്മൃതി



ഇന്ത്യൻ ഭരണഘടനയുടെ മുഖ്യ ശില്പി യാണ് ഡോക്ടർ B. R. അംബേദ്കർ (ഏപ്രിൽ14 1891 - ഡിസംബർ 6)1956 അടിസ്ഥാനവർഗ്ഗ ജനതയുടെ നവോത്ഥാന നായകനും ഇന്ത്യൻ നിയമജ്ഞനും പണ്ഡിതനും രാഷ്ട്രീയ നേതാവുമായിരുന്നു അംബേദ്കർ മഹാരാഷ്ട്രയിലെ മഹാവു എന്ന സ്ഥലത്തെ ദളിത് കുടുംബത്തിൽ ജനിച്ച അംബേദ്കർ ഇന്ത്യൻ ജാതി വ്യവസ്ഥയ്ക്ക് എതിരെ പോരാടുന്നതിനും ഹിന്ദു തൊട്ടുകൂടായ്മക്ക് എതിരെ സ്വാതന്ത്ര്യം നേടുമ്പോൾ 562 നാട്ടുരാജ്യങ്ങൾ ചേർന്നതായിരുന്നു ഇന്ത്യൻ മഹാരാജ്യം ഇന്ത്യയും പാകിസ്ഥാനും രണ്ടു രാജ്യങ്ങൾ ആയപ്പോൾ പലയിടത്തും കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടു കടുത്ത സാമ്പത്തിക കുഴപ്പങ്ങളും രാജ്യത്തിൽ ഉണ്ടായി പുതു പുത്തൻ രാഷ്ട്രീയ ആദർശങ്ങളും ഭരണ സിദ്ധാന്തങ്ങളും രൂപീകൃതമായി അനുസരിച്ച് ഐക്യ ഭാരതത്തിന് ഏറ്റവും അനുയോജ്യമായ ഭരണഘടന രൂപപ്പെടുത്തേണ്ടത് അത്യാവശ്യമായി തീർന്നു അങ്ങനെ അംബേദ്കർ അതിൽ ഒരു ഭരണഘടന നിർമ്മാണ സഭ രൂപീകൃതമായി 1947 ഓഗസ്റ്റ് 29ന് ഭരണഘടന നിർമ്മാണത്തിനുള്ള ഡ്രാഫ്റ്റ് കമ്മറ്റിയും തെരഞ്ഞെടുക്കപ്പെട്ടു 141 ദിവസം കൊണ്ടാണ് ഭരണഘടനയുടെ ആദ്യരൂപം തയ്യാറായത് 1949 നടപ്പാക്കപ്പെട്ട നമ്മുടെ ഭരണഘടന ഇതിനിടെ 103 തവണ ഭേദഗതി ചെയ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ നാം എഴുതപ്പെട്ട ഒരു ഭരണഘടനയുടെ ഭാഗ മായി മാറി.

VAIGA D. B
STD :VI E

ഗവ. യു.പി.എസ്,വിതുര

# സ്മൃതി

2021 ജനുവരി 26 രാജ്യം ഇരുപത്തിരണ്ടാമത് റിപ്പബ്ലിക് ദിനം ആഘോഷിക്കുകയാണ് സാംസ്കാരിക വൈവിധ്യങ്ങളെ പ്രദർശിപ്പിക്കുന്ന നിശ്ചലദൃശ്യങ്ങളടങ്ങിയ പരേഡ് റിപ്പബ്ലിക് ദിനത്തിൽ രാജ്യ തലസ്ഥാനത്ത് നടക്കും വിവിധ സൈനിക വിഭാഗങ്ങൾ പരേഡിൽ പങ്കെടുക്കും

1947 ഓഗസ്റ്റ് 15ന് ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി സ്വാതന്ത്ര്യം നേടിയെങ്കിലും ഒരു ഭരണഘടന നിലവിൽ വന്നിരുന്നില്ല കൊളോണിയൽ കാലഘട്ടത്തിലെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് തന്നെയായിരുന്നു സ്വതന്ത്ര ഇന്ത്യയിലെ നിയമങ്ങൾ അതിനുശേഷം ഡോക്ടർ ബാബാസാഹിബ് അംബേദ്കർ ചെയർമാനായ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ഭരണഘടന തയ്യാറാക്കി ബ്രിട്ടീഷുകാരുടെ ഗവൺമെൻറ് ഓഫ് ഇന്ത്യ ആക്ട് പിൻവലിച്ച് 1950 ജനുവരി 26ന് ഇന്ത്യയുടെ ഭരണഘടന രാജ്യമെമ്പാടും നിലവിൽവന്നു ഇന്ത്യയുടെ പരമോന്നത ഭരണ ഘടന നിലവിൽ വന്നതിന്റെ ഓർമ്മക്കായി ജനുവരി 26 ന് രാജ്യം റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്

രാജ്യതലസ്ഥാനത്ത് നടക്കുന്ന സൈനിക പരേഡ് തന്നെയാണ് പ്രധാന റിപ്പബ്ലിക് ദിന പരിപാടി രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യം പ്രദർശിപ്പിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നിശ്ചലദൃശ്യങ്ങളും പരേഡിൽ ഉൾപ്പെടും

അനുശ്രീ 7G

# സ്മൃതി



ഗവ. യു.പി.എസ്,വിതുര

## റിപ്പബ്ളിക് ദിനം

1947 ഓഗസ്റ്റ് 15-ന് ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി. അതിന് ശേഷം ഡോ. ബാബാ സാഹേബ് അംബേദ്കർ ചെയർമാനായ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ഭരണ ഘടന തയ്യാറാക്കി. ബ്രിട്ടീഷുകാരുടെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ടിനെ (1935) പിൻവലിച്ച് 1950 ജനുവരി 26ന് ഇന്ത്യയുടെ ഭരണഘടന രാജ്യമെമ്പാടും നിലവിൽ വന്നു. ഇന്ത്യയുടെ പരമോന്നത ഭരണഘടന നിലവിൽ വന്നതിന്റെ ഓർമ്മക്കായാണ് ജനുവരി 26 രാജ്യം റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്.

## റിപ്പബ്ളിക് ദിനവും സ്വാതന്ത്ര്യ ദിനവും

1947 ഓഗസ്റ്റ് 15ന് ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും ഒരു ഭരണ ഘടന നിലവിൽ വന്നിരുന്നില്ല. കൊളോണിയൽ കാലഘട്ടത്തിലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് (1935) അനുസരിച്ച് തന്നെയായിരുന്നു സ്വതന്ത്ര ഇന്ത്യയിലെ നിയമങ്ങൾ. പിന്നീട് സ്വന്തമായി ഭരണ ഘടന തയ്യാറാക്കി പരമോന്നത റിപ്പബ്ലിക് ആയി മാറിയത് 1950 ജനുവരി 26നാണ്. സ്വാതന്ത്ര്യ നേടിയ ദിവസം സാതന്ത്ര്യദിനമായും ഭരണഘടന നിലവിൽ വന്ന ദിവസം റിപ്പബ്ലിക് ദിനമായും ആഘോഷിക്കുന്നു.

ഗവ. യു.പി.എസ്,വിതുര

## റിപ്പബ്ളിക് ദിന പരിപാടികൾ

വിവിധ സേനാ വിഭാഗങ്ങളുടെ നേതൃത്വത്തിൽ രാജ്യ തലസ്ഥാനത്ത് നടക്കുന്ന സൈനിക പരേഡ് തന്നെയാണ് പ്രധാന റിപ്പബ്ലിക് ദിന പരിപാടി. രാജ്യത്തിന്റെ സാംസ്കാരിക വൈവിധ്യം പ്രദർശിപ്പിക്കുന്ന വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള നിശ്ചലദൃശ്യങ്ങളും പരേഡിൽ ഉൾപ്പെടും. ഡൽഹിയെ കൂടാതെ മറ്റു സംസ്ഥാന തലസ്ഥാനങ്ങളിലും റിപ്പബ്ലിക് ദിനാഘോഷ പരിപാടികൾ നടക്കും.



## ഡയറി

26 ജനുവരി 2021, വ്യാഴം

ഇന്ന് റിപ്പബ്ലിക് ദിനം.നമ്മുടെ രാജ്യം റിപ്പബ്ലിക് ആയതിന്റെ 73മത് വാർഷികം ആഘോഷിക്കുന്ന സുദിനം. ഞാൻ രാവിലെ 6 മണിക്ക് എഴുന്നേറ്റു. പതാക ഉയർത്തുന്നത് കാണാൻ രാവിലെ യൂണിഫോം ഇട്ട് സ്കൂളിലേക്ക് പോകണമെന്ന് എനിക്ക് വലിയ ആഗ്രഹമായിരുന്നെങ്കിലും കൊറോണ കാരണം വീട്ടിലിരുന്നു ടീവിയിൽ രാഷ്ട്രപതി പതാക ഉയർത്തുന്നത് കണ്ടു.അടുത്ത റിപ്പബ്ലിക് ദിനത്തിലെങ്കിലും എനിക്ക് നേരിട്ട് പതാക ഉയർത്തുന്നത് സ്കൂളിൽ വന്നു കാണുകയും കൂട്ടുകാർക്ക് ആശംസകൾ നേരുകയും ചെയ്യണം.

**നന്ദകിഷോർ J. G, 4 E**

## റിപ്പബ്ളിക് ദിന കുറിപ്പ്

ഇന്ന് 72മത് റിപ്പബ്ലിക് ദിനം.നമ്മളെല്ലാവരും ഈ സുന്ദരദിവസത്തെ വളരെ സന്തോഷത്തോടുകൂടി ആഘോഷിക്കുന്നു. ഇന്ത്യക്കാർക്ക് അഭിമാനം കോരിച്ചൊരിയുന്ന ദിവസമാണ് 1950 ജനുവരി 26.1947 ഓഗസ്റ്റ് 15ന് ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച് 2 വർഷങ്ങൾക്കു ശേഷമാണ് ഇന്ത്യ റിപ്പബ്ലിക്കയത്. ഇന്ത്യയിലെ പൊതുജനങ്ങൾക്ക് രാജ്യത്തെ നയിക്കുവാനുള്ള നേതാക്കളെ തെരഞ്ഞെടുക്കുവാൻ അംഗീകരം നൽകിയത് ഇന്ത്യയുടെ ഭരണഘടനയാണ്. നമ്മുടെ രാജ്യത്ത് എല്ലാവിധ സുഖസൗകര്യങ്ങളോടും കൂടി ജീവിക്കാനും എല്ലാവർക്കും ഒരുപോലെ നിയമങ്ങൾ നടപ്പിലാക്കുന്നതിയും സാധിക്കുന്നത് ഈ ഭരണഘടനയുടെ അടിസ്ഥാനത്തിലാണ്. അതു കാത്തുസൂക്ഷിക്കുന്നതിന് നാം ഒന്നായി കൈകോർത്തു പ്രയത്നിക്കാം.

**സോന സുനിൽ 4 E**

# സ്മൃതി

## കവിത

പാറട്ടെ  പാറട്ടെ
ത്രിവർണ്ണ പതാക പാറട്ടെ
പാടിടാം പാടിടാം
ജയ ജയ ഗിതികൾ പാടിടം
ചാച്ചജിയും ബാപ്പുജിയും
കാട്ടിത്തന്ന സത്യം, ധർമം, നീതി
അനുഷ്ഠിച്ചിടാം
വീഴ്ചകളിൽ പതറീടാതെ
ധീരതയോടെ നയിച്ചിടാം
ഒരൊറ്റ ജനമായി മുന്നേറാം
ഭാരതമാതയെ സ്നേഹിച്ചിടാം
പാറട്ടെ പാറട്ടെ
ത്രിവർണ്ണ പതാക പാറട്ടെ
പാടിടാം പാടിടാം
ജയ ജയ ഗിതികൾ പാടിടാം

**സോന സുനിൽ 4 E**

## REPUBLIC DAY SPEECH

Goodmorning everyone, respected principal teachers and all my friends.

My name is sivaganga I wish you all a very happy republic day

Today is 26th January the republic day of our country. This day is a national festival of our country. On this day our constitution came into force on 26th January 1950 republic day is important to us independence day

The constitution of India is the supreme law of India. our constitution is the largest written constitution in the whole world. Dr Babasaheb Ambedkar is the father of our constitution.

Today we are a great republic republic means a country whose leader is a President not a king or queen.This would not have been possible if our freedom fighters had not made numerous sacrifices for the independence of the country

I am proud that I am an Indian and I love my country Jai Hind Jai Bharat

Sivaganga 7H



## നാം ഒന്ന്

ഭാരതമേ അഭിമാനിക്കുന്നു
നിന്റെ സന്തതിയായതിൽ
സംസ്ക്കാരം, ആതിഥേയത്വം എന്നിങ്ങനെ
ഗുണങ്ങൾ പറയാൻ ഏറെ
കാറ്റിൽ പാറുന്ന ത്രിവർണ്ണക്കൊടി
നമ്മുടെ ശക്തി
നാനാത്വത്തിൽ ഏകത്വം
നമ്മുടെ ബലം
പല ജാതി പല മതം പല നിറം
പല രൂപം നമ്മൾ
എന്നാലും നാം ഒന്ന്

സയോന ആർ എസ്
7 G

# സ്മൃതി






# സ്മൃതി



റിപ്പബ്ലിക് ദിനം

ഇന്ത്യയുടെ രണ്ട് പ്രധാനപ്പെട്ട ദേശീയ ദിനങ്ങളാണ് ഓഗസ്റ്റ് 15 ജനുവരി 26 ഉം. ഓഗസ്റ്റ് 15 ന്റെ പ്രസക്തി എന്താണെന്ന് നാം എവരും മനസ്സിലാക്കിയിട്ടുണ്ട് . 190 വർഷം ബ്രിട്ടീഷ് ആധിപത്യത്തിന് കീഴിലായിരുന്ന നമ്മുടെ രാജ്യം അവരിൽ നിന്ന് സ്വാതന്ത്ര്യം നേടി നമ്മുടെ രാജ്യത്തിന്റെ ഭരണം നമുക്ക് തന്നെ ലഭിച്ച ദിനമാണ് സ്വാതന്ത്ര്യ ദിനമായി ആഘോഷിക്കുന്നത് . എന്നാൽ എന്താണ് റിപ്പബ്ലിക് ദിനം ? 1947 ഓഗസ്റ്റ് 15ന് ഇന്ത്യ ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടിയെങ്കിലും ഒരു ഭരണഘടന നിലവിൽ വന്നിരുന്നില്ല. ബ്രിട്ടീഷുകാരുടെ 1935ലെ ഗവൺമെന്റ് ഓഫ് ഇന്ത്യ ആക്ട് അനുസരിച്ച് തന്നെയായിരുന്നു സ്വതന്ത്ര ഇന്ത്യയിലെ നിയമങ്ങൾ. പിന്നീട് സ്വന്തമായി ഭരണഘടന തയ്യാറാക്കി. 1950 ജനുവരി 26ന് ഇന്ത്യയുടെ ഭരണഘടന രാജ്യമെമ്പാടും നിലവിൽവന്നു ഇന്ത്യയുടെ പരമോന്നത ഭരണ ഘടന നിലവിൽ വന്നതിന്റെ ഓർമ്മയ്ക്കായാണ് ജനുവരി 26 രാജ്യം റിപ്പബ്ലിക് ദിനമായി ആഘോഷിക്കുന്നത്.

ഭരണഘടന

ഡോക്ടർ ബി ആർ അംബേദ്കർ ചെയർമാനായ ഡ്രാഫ്റ്റിംഗ് കമ്മിറ്റി ആണ് ഇന്ത്യൻ ഭരണഘടന തയ്യാറാക്കിയത്. ഒരു രാജ്യത്തിന്റെ ഭരണവ്യവസ്ഥ,സംവിധാനം, ഭരണകൂടത്തിന്റെഅധികാരങ്ങൾ, ചുമതലകൾ തുടങ്ങി ഒരു പൗരൻ എന്ന നിലയിലുള്ള മൗലികാവകാശങ്ങൾ പൗരന് രാഷ്ട്രത്തോടുള്ള കടമകൾ തുടങ്ങിയ കാര്യങ്ങൾ നിർവ്വചിക്കുന്ന അടിസ്ഥാന നിയമ സംഹിതയാണ് ഭരണഘടന. ലോകത്ത് എഴുതിത്തയ്യാറാക്കിയ ഏറ്റവും വലിയ ഭരണഘടനയുള്ള രാജ്യം ആണ് നമ്മുടെ ഇന്ത്യ. 2 വർഷവും 11 മാസവും വും 18 ദിവസവും എടുത്താണ് ഇന്ത്യൻ ഭരണഘടന തയ്യാറാക്കിയത്. 22 ഭാഗങ്ങളും 395 വകുപ്പുകളും 12 ഷെഡ്യൂളുകളും ഉള്ളതാണ് ഇന്ത്യൻ ഭരണഘടന

ആര്യൻ.A.ബിനു

ഗവ. യു.പി.എസ്,വിതുര

# സ്മൃതി

കേരള സ്വാതന്ത്ര്യസമരം

കേരളത്തിൽ വിവിധ ഭാഗങ്ങളിൽ വിവിധ കാലഘട്ടങ്ങളിൽ വിദേശ ശക്തികൾക്കെതിരായി ജനകീയ സമരങ്ങൾ നടന്നിരുന്നു ഇതിഹാസ തുല്യവും വർണ്ണോജ്ജ്വലവും ആയിരുന്നു അവ. കേരളത്തിന്റെ മണ്ണിൽ ആധിപത്യം ഉറപ്പിച്ചിരുന്ന വിദേശ ശക്തികൾക്കെതിരായി പോരാടിയ ദേശസ്നേഹികളുടെ ഓർമ്മ മലയാളി മനസ്സിനെ കോരിത്തരിപ്പിച്ചിട്ടുണ്ട്. മലബാർ,കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു ചെറു രാജ്യങ്ങളായി വിഭജിക്കപ്പെട്ടു അതാണ് ഇന്നത്തെ കേരളം. ഭാരതത്തിൻറെ സ്വാതന്ത്ര്യത്തിനായി ഈ നാട്ടുരാജ്യങ്ങൾ നൽകിയ സംഭാവനകൾ വിലമതിക്കാനാവാത്തതാണ് . തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസും കൊച്ചിയിൽ പ്രജാമണ്ഡലം മലബാറിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ് നടത്തിയ പ്രക്ഷോഭങ്ങൾ എക്കാലത്തും സ്മരിക്കപ്പെടേണ്ടതാണ് .

**അനുഷ. 7 H**

സ്മൃതി



## സ്വാതന്ത്ര്യത്തിനു വേണ്ടി പോരാടിയ അറിയപ്പെടാത്ത ധീര വനിതകൾ

നൂറ്റാണ്ടുകൾ അടിമയാക്കപ്പെട്ട്, പിന്നീട് നീണ്ട സമരങ്ങളിലൂടെ ബ്രിട്ടീഷ് കോളനികളിൽ നിന്ന് ആദ്യമായി സ്വതന്ത്രയായ ഇന്ത്യ, ഇന്ന് എഴുപത്തിമൂന്നാമത് സ്വാതന്ത്ര്യദിനാഘോഷത്തിലാണ്. സ്വാതന്ത്ര്യം ഒരു വ്യക്തിക്ക്, ഒറ്റയ്ക്ക് നേടിത്തരാൻ പറ്റുന്ന ഒന്നല്ലെന്നും അതിന് ഒരു വലിയ ജനതയുടെ ജീവിതത്തിന്റെ വിലയുണ്ടെന്നും നാം തിരിച്ചറിയേണ്ട സമയം കൂടിയാണിത്. 'അഖണ്ഡത' എന്ന വാക്കിന് ഇന്ന് പഴയകാലത്തേക്കാൾ മൂല്യം കൽപ്പിക്കപ്പെടുന്നു. 'നാനാത്വത്തിൽ ഏകത്വം' എന്ന ആശയം കൈമോശം വന്നാൽ, രാജ്യത്തിന്റെ നിലനിൽപ്പിനെ തന്നെ അത് അപകടകരമാം വിധം സ്വാധീനിക്കുമെന്നും നാം തിരിച്ചറിയേണ്ടതുണ്ട്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഊർജ്ജപ്രവാഹമായിരുന്നു സമരമുഖത്തെ സ്ത്രീ സാന്നിധ്യം. സ്ത്രീക്ക് ഇന്നത്തെതിനേക്കാൾ സഞ്ചാര വിലക്ക് ഉണ്ടായിരുന്നിട്ട് കൂടി സ്ത്രീകൾ ധാരാളമായി സമരമുഖത്തേക്ക് ഒഴുകി. അതിന് ദേശ, ഭാഷാ വ്യത്യാസങ്ങളില്ലായിരുന്നു. അസ്സമിൽ നിന്നും കേരളത്തിൽ നിന്നും ഗുജറാത്തിൽ നിന്നും സ്ത്രീകൾ സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് നടന്നുവന്നു. അവരിൽ ചിലരെ അറിയാം.

ഗവ. യു.പി.എസ്,വിതുര

# മിഥു ബെൻ

**മിഥുബെൻ ഹോർമുസ്ജി പെറ്റിറ്റ്** (11 ഏപ്രിൽ 1892 – 16 ജൂലായ് 1973) ഒരു ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയും,[1][2] മഹാത്മാഗാന്ധിയുടെ ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്ത വനിതയുമായിരുന്നു.[3][4]

**മിഥുബെൻ പെറ്റിറ്റ്**

**മിഥുബെൻ ഹോർമുസ്ജി പെറ്റിറ്റ്**



മിഥുബെൻ പെറ്റിറ്റ്

| | |
|---|---|
| **ജനനം** | 11 ഏപ്രിൽ 1892<br>ബോംബെ, ഇന്ത്യ |
| **മരണം** | 1973 ജൂലൈ 16 |
| **ദേശീയത** | ഇന്ത്യൻ |
| **അറിയപ്പെടുന്നത്** | ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനി |
| **പുരസ്കാരങ്ങൾ** | പത്മശ്രീ |

# സ്മൃതി



## അമ്മു സ്വാമിനാഥൻ

1894 ഏപ്രിൽ 22ന് പാലക്കാട് ജില്ലയിലെ ആനക്കരയിലെ വടക്കത്ത് കുടുംബത്തിലാണ് ജനിച്ചത്. അച്ഛന്റെ പേര് ഗോവിന്ദ മേനോൻ എന്നായിരുന്നു. കുറെ മക്കളിൽ ഇളയവളായിരുന്നു, അമ്മു. വീട്ടിൽ നിന്ന് അനൗപചാരിക വിദ്യാഭ്യാസം കിട്ടി. ചെറുപ്പത്തിലെ അച്ഛൻ മരിച്ചു. കുറെ കുട്ടികൾ ഉണ്ടായിരുന്നതിനാൽ അവരെ വളർത്താനും കല്യാണം നടത്തി അയക്കാനും അമ്മ കുറെ കഷ്ടപ്പെട്ടു.

അമ്മുവിന്റെ 13-ആം വയസ്സിൽ അന്ന് നടപ്പായിരുന്ന സംബന്ധം നടത്തി. അവരേക്കാൾ 20 വയസ്സ് മൂപ്പുള്ള ഡോ. സ്വാമിനാഥനായിരുന്നു, ഭർത്താവ്. വിവാഹത്തെ തുടർന്ന് മദ്രാസിൽ എത്തി. പൊതുപ്രവർത്തനങ്ങൾ ആരംഭിച്ചു. ഇന്ത്യയിലെ ആദ്യകാല വനിതാസംഘടനയായ 'മദ്രാസ് വിമൻസ് അസോസിയേഷന്റെ' പ്രവർത്തകയായി. 1936ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രചാരണാർത്ഥം ഇന്ത്യയൊട്ടാകെ സഞ്ചരിച്ചു. 1942ൽ ക്വിറ്റ് ഇന്ത്യാ സമരവുമായി ബന്ധപ്പെട്ട് അറസ്റ്റിലായി. 1947ൽ രൂപീകൃതമായ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയിൽ അംഗമായിരുന്നു. 1960 വരെ രാജ്യസഭാംഗവുമായിരുന്നു. 1978ൽ അന്തരിച്ചു.

ഗവ. യു.പി.എസ്,വിതുര

സ്മൃതി

# കൃഷ്ണമ്മാൾ ജഗന്നാഥൻ

1926 ജൂൺ 16നു തമിഴ്നാട്ടിലെ ദിണ്ടുക്കൽ ജില്ലയിലെ പട്ടിവീരൻപട്ടി ഗ്രാമത്തിലെ ഒരു ഭൂരഹിത ദളിത് കുടുംബത്തിലെ അംഗമായി കൃഷ്ണമ്മാൾ ജനിച്ചു. അച്ഛൻ രാമസാമിയും അമ്മ നാഗമ്മാളുമായിരുന്നു; പതിനൊന്ന് സഹോദരീസഹോദരൻമാരുമുണ്ടായിരുന്നു. പട്ടിവീരൻപട്ടി ഗ്രാമത്തിലെ സർക്കാർ പള്ളിക്കൂടത്തിൽ ഏഴാം ക്ലാസ്സുവരെ കൃഷ്ണമ്മാൾ വിദ്യാഭ്യാസം കൈവരിച്ചു.[2] സാമൂഹ്യ അനീതിയുമായുള്ള ആദ്യത്തെ അനുഭവം ഗർഭിണിയായ അമ്മ നാഗമ്മാൾ ആ സ്ഥിതിയിലും കുടുംബം പോറ്റാനായ് കഠിനമായ ശാരീരിക പരിശ്രമം ചെയ്യേണ്ടി വന്ന ദൃശ്യങ്ങളിലൂടെയാണ്.[3] ദരിദ്ര കുടുംബത്തിലെ അംഗമായിരുന്നിട്ടും കൃഷ്ണമ്മാൾ സർവ്വകലാശാലയിലെ പഠനം പൂർത്തീകരിക്കുകയുണ്ടായി. പിന്നീട് അവർ മഹാത്മഗാന്ധിയുടെ സർവ്വോദയ പ്രസ്ഥാനത്തിൽ പങ്കുകൊണ്ടു. ഭർത്താവ് ജഗന്നാഥൻ ധനസമ്പത്തുള്ള ഒരു കുടുംബത്തിൽ ജനിച്ചുവെങ്കിലും 1930-ൽ ഗാന്ധിജിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിലെ അംഗമാവാൻ തന്റെ സർവ്വകലാശാലാ വിദ്യാഭ്യാസം ഉപേക്ഷിച്ചു. തുടർന്ന് അദ്ദേഹം 1942-ൽ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും മൂന്നരവർഷത്തെ കാരാഗൃഹവാസം അനുഭവിക്കുകയും ചെയ്തു. ഇന്ത്യയ്ക്കു സ്വാതന്ത്ര്യം ലഭിച്ച ശേഷമേ വിവാഹം കഴിക്കുകയുള്ളൂ എന്നു തീരുമാനിച്ച ഇവർ 1950-ലാണ് ഒടുവിൽ ദാമ്പത്യം കൈവരിച്ചത്.[3]

ഗവ. യു.പി.എസ്,വിതുര

# കല്പന ദത്ത

ഒരു ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയും വിപ്ലവകാരിയുമായിരുന്നു **കൽപ്പന ദത്ത**(കൽപ്പന ജോഷി)(27 ജൂലൈ 1913 – 8 ഫെബ്രുവരി 1995). 1930-ൽ സൂര്യ സെന്നിന്റെ നേതൃത്വത്തിൽ നടന്ന സായുധ സമരത്തിന്റെ ഭാഗമായി ചിറ്റഗോംഗ് ആയുധശാല ആക്രമണത്തിൽ പങ്കെടുത്തിരുന്നു[1]. പിന്നീട് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നു.

**കൽപ്പന ദത്ത**

**কল্পনা দত্ত**



സ്മൃതി



# അഞ്ജലൈ അമ്മാൾ

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള ഇന്ത്യൻ പോരാട്ടത്തിൽ **അഞ്ജലൈ അമ്മാൾ** സ്വാതന്ത്ര്യ സമര സേനാനായിരുന്നു. 1890- ൽ കടലൂരിലെ മുദൂനഗർ എന്ന ലളിത പട്ടണത്തിൽ ജനിച്ചു. ഒരു ലളിതമായ കുടുംബത്തിലാണ് അവർ ജനിച്ചത്. അവർ അഞ്ചാം ക്ലാസ്സുവരെ പഠിച്ചിരുന്നു. ഒരു മാസിക ഏജന്റ് ആയിരുന്ന മുരുഗപ്പയായിരുന്നു ഭർത്താവ് . മഹാത്മാഗാന്ധിയുടെ നിസ്സഹകരണ പ്രസ്ഥാനത്തിൽ ചേരുന്നതിലൂടെ രാഷ്ട്രീയജീവിതം തുടങ്ങി. 1921- ൽ ദക്ഷിണേന്ത്യയിൽ നിന്നുള്ള നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുത്ത ആദ്യ വനിതയായി . അവരുടെ ഗ്രാമത്തിലെ വീടുകളും ഭൂമിയും വിറ്റ് സ്വാതന്ത്ര്യത്തിനുള്ള ഇന്ത്യയുടെ പോരാട്ടത്തിനായി പണം ചിലവഴിച്ചു 1927- ൽ നീലന്റെ പ്രതിമയെ നീക്കുന്നതിനുള്ള പോരാട്ടത്തിൽ പങ്കെടുത്തു. നീലൻ പ്രതിമയെ നീക്കം ചെയ്യാനായി നടത്തിയ പോരാട്ടത്തിൽ ഒമ്പതു വയസ്സുകാരിയായ തന്റെ മകൾ അമ്മാക്കണ്ണിനോടൊപ്പം ജയിലിലടച്ചു. ഗാന്ധി അഞ്ജലൈ അമ്മാളിനെയും മകളെയും ജയിലിൽ സന്ദർശിച്ചു. അദ്ദേഹം അമ്മാക്കണ്ണ് ലീലാവതി എന്ന പേരിൽ വർദ്ധ ആശ്രമത്തിലേയ്ക്ക് കൊണ്ടുപോയി. 1930- ൽ ഉപ്പു സത്യാഗ്രഹയിൽ പങ്കെടുത്തതിനെത്തുടർന്ന് അവർക്ക് ഗുരുതരമായി പരിക്കേറ്റു.

ഗവ. യു.പി.എസ്,വിതുര

## സ്മൃതി

# കാരിക്കത്ത് സുഭദ്രാമ്മ ടീച്ചർ



തൃശൂർ ശ്രീരാമകൃഷ്ണാശ്രമത്തിലെ അദ്ധ്യാപികയും ഇന്ത്യൻ സ്വാതന്ത്ര്യ സമര സേനാനിയുമായിരുന്നു **കാരിക്കത്ത് സുഭദ്രാമ്മ** എന്ന സുഭദ്രാമ്മ ടീച്ചർ.[1] ശ്രീരാമകൃഷ്ണ ഗുരുകുലത്തിലെ ഏക അധ്യാപികയായിരുന്നു സുഭദ്രാമ്മ ടീച്ചർ. പന്തിഭോജനത്തിൽ അവർണ്ണർക്കൊപ്പം ഭക്ഷണം കഴിച്ചതിന് അന്നത്തെ പ്രമാണിമാർ ടീച്ചറെ പരിഹസിച്ച് നടന്നിരുന്നു.[2]

# ജിന്ദൻ കൗർ



ഭരണാധികാരിയായിരുന്നു **ജിന്ദൻ കൗർ** (ജീവിതകാലം: 1817 – 1863 ഓഗസ്റ്റ് 1). **ജിന്ദ് കൗർ** എന്ന പേരിലും അറിയപ്പെടുന്നു. ആദ്യത്തെ സിഖ് രാജാവായിരുന്ന രഞ്ജിത് സിങ്ങിന്റെ ഏറ്റവും ഇളയ ഭാര്യയായിരുന്നു ജിന്ദൻ. പ്രായപൂർത്തിയാവാത്ത രാജാവ് ദലീപ് സിങ്ങിനുവേണ്ടി റീജന്റ് ആയാണ് 1843 മുതൽ 1846 ഡിസംബർ മാസം വരെ ജിന്ദൻ ഭരണം നടത്തിയിരുന്നത്. 1846-ൽ നിലവിൽവന്ന ഭൈരോവൽ കരാർ പ്രകാരം ജിന്ദന്റെ റീജന്റ് സ്ഥാനം നിർത്തലാക്കുകയും ബ്രിട്ടീഷ് റെസിഡന്റിന് കീഴിലുള്ള ഭരണസമിതി അധികാരമേൽക്കുകയും ചെയ്തു. അധികാരത്തിൽ ഇടപെടാൻ ശ്രമിക്കുന്നുവെന്നാരോപിച്ച് 1847 ഓഗസ്റ്റിൽ ജിന്ദൻ ലാഹോറിൽ നിന്ന് നാടുകടത്തപ്പെട്ടു.[1]

സ്മൃതി

## അഞ്ജലൈ അമ്മാൾ

1931- ൽ അഖിലേന്ത്യാ വനിതാ കോൺഗ്രസ്സിന്റെ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു. 1932- ൽ വെല്ലൂർ ജയിലിലേക്ക് അയച്ചിരുന്ന മറ്റൊരു സമരത്തിൽ അവർ പങ്കെടുത്തു. വെല്ലൂർ ജയിലിലേക്ക് അയച്ചപ്പോൾ അവർ ഗർഭിണിയായിരുന്നു. പ്രസവത്തെ തുടർന്ന് ജാമ്യത്തിൽ വിട്ടയച്ചു. മകന്റെ ജനനത്തിനുശേഷം രണ്ടാഴ്ചക്കകം വെല്ലൂർ ജയിലിൽ തിരിച്ചെത്തി. ഗാന്ധി കടലൂറിന് എത്തിയപ്പോൾ ബ്രിട്ടീഷ് സർക്കാർ അഞ്ജലൈ അമ്മാളിനെ സന്ദർശിക്കാൻ അദ്ദേഹത്തെ നിരോധിച്ചിരുന്നു. എന്നാൽ അഞ്ജല അമ്മാൾ ബുർഖ ധരിച്ചു കുതിരവണ്ടിയിൽ വന്നു അദ്ദേഹത്തെ സന്ദർശിച്ചു. അഞ്ജലൈയുടെ ധൈര്യം കാരണം, ഗാന്ധിജി അവരെ ദക്ഷിണേന്ത്യയിലെ ഝാൻസി റാണി എന്നു വിളിച്ചു. [1]1947-ൽ ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം മൂന്നു തവണ അവർ തമിഴ്നാട് നിയമസഭാംഗമായി തിരഞ്ഞെടുക്കപ്പെട്ടു. 1961 ജനുവരി 20 നു അഞ്ജല അമ്മാൾ അന്തരിച്ചു.

ഗവ. യു.പി.എസ്,വിതുര



# അരുണ അസഫ് അലി

**അരുണ ആസഫ് അലി** (ബംഗാളി: অরুণা আসফ আলী) (ജൂലൈ 16, 1909, ജൂലൈ 29, 1996) ഇന്ത്യൻ സ്വാതന്ത്ര്യ സമരസേനാനിയായിരുന്നു. ക്വിറ്റ് ഇന്ത്യ സമരത്തിനിടയിൽ ബോംബെയിൽ ഇന്ത്യൻ നാഷനൽ കോൺഗ്രസിന്റെ പതാക ഉയർത്തി ശ്രദ്ധേയയായി.1997-ൽ ഭാരതരത്നം പുരസ്കാരം ലഭിച്ചു.[1]

വിവാഹാനന്തരം കോൺഗ്രസ് പാർട്ടിയുടെ സജീവപ്രവർത്തകയായ അവർ ഉപ്പുസത്യാഗ്രഹസമയത്ത് പൊതുയോഗങ്ങളിൽ പങ്കെടുക്കുകയും അറസ്റ്റ് വരിക്കുകയും ചെയ്തു. 1942 ഓഗസ്റ്റ് 8-ന് എ.ഐ.സി.സി ബോംബെ സമ്മേളനത്തിൽ ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കി. ബ്രിട്ടീഷ് ഗവണ്മെന്റ് കോൺഗ്രസ് വർക്കിംഗ് കമ്മറ്റിയിലെ എല്ലാ അംഗങ്ങളെയും അറസ്റ്റ് ചെയ്തു. ഓഗസ്റ്റ് 9ന് അരുണ ആസഫ് അലി സമ്മേളനത്തിന്റെ അധ്യക്ഷത വഹിക്കുകയും ഗോവാലിയ ടാങ്ക് മൈതാനത്തിൽ കോൺഗ്രസ് പതാക ഉയർത്തുകയും ചെയ്തു. ബ്രിട്ടീഷ് ഗവണ്മെന്റ് അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചതിനാൽ അവർ ഒളിവിൽ പോയി. റാം മനോഹർ ലോഹ്യയുമൊന്നിച്ച് അവർ ഇങ്കിലാബ് എന്ന കോൺഗ്രസിന്റെ മാസിക പുറത്തിറക്കി.

ഗവ. യു.പി.എസ്,വിതുര

# കനകലതബറുവ



മഹാത്മാ ഗാന്ധി, കോൺഗ്രസ്സ്, സ്വാതന്ത്ര്യം എന്നീ വാക്കുകൾ കേട്ടാണ് കനകലത ബാല്യം ചിലവിട്ടത്. പ്രായത്തിൽ കവിഞ്ഞ അറിവുള്ള കുട്ടിയായിരുന്നു കനകലത. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം ചെയ്യണമെന്ന് ആത്മാർത്ഥമായി തീരുമാനമെടുത്ത കനകലത, രഹസ്യമായി മീറ്റിങ്ങുകളിൽ പങ്കെടുക്കാന തുടങ്ങി. ജ്യോതിപ്രസാദ് അഗർവാളിന്റെ ഗാനങ്ങളും, ബിഷ്ണുപ്രസാദിന്റെ പ്രസംഗങ്ങളും, കനകലതയും തീരുമാനത്തെ അരക്കിട്ടുറപ്പിച്ചു.[4] കനകലതയുടെ മുത്തച്ഛൻ ഈ തീരുമാനത്തിനെതിരായിരുന്നു, അദ്ദേഹം പൗത്രിയെ പിന്തിരിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും, മുത്തശ്ശിയുടെ അനുവാദത്തോടെ കനകലത വീണ്ടും സമ്മേളനങ്ങളിൽ പങ്കെടുത്തു.

സ്മൃതി



# കമലാ ദേവി ചതോപാധ്യായ

പത്മഭൂഷൺ, വട്മൂൽ അവാർഡ്, മാഗ്സസെ അവാർഡ്, ദേശികോത്തമ (വിശ്വഭാരതി) എന്നീ ബഹുമതികൾ അവർക്ക് ലഭിച്ചിട്ടുണ്ട്. സംഗീത നാടക അക്കാദമിയുടെ ഫെല്ലോ ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുമുണ്ട്.[1] സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കുകയും ഭൂനിയമങ്ങൾ മെച്ചപ്പെടുത്താനും വനിതാ പ്രസ്ഥാനം വികസിപ്പിക്കാനും അവർ യത്നിച്ചു. അഖിലേന്ത്യാ വനിതാ കോൺഗ്രസ്സിനു കളമൊരുക്കി.

അഖിലേന്ത്യാ കോൺഗ്രസ്സ് സമിതി അംഗം, പ്രവർത്തക സമിതി അദ്ധ്യക്ഷ, ഇന്ത്യൻ സഹകരണ സംഘം, അഖിലേന്ത്യ കരകൗശല ബോർഡ്, ആൾ ഇന്ത്യാ ഡിസൈൻസ് സെന്റർ എന്നിവയുടെ അദ്ധ്യക്ഷ, വേൾഡ് ക്രാഫ്റ്റ്സ് കൗൺസിലിന്റെ ഉപാധ്യക്ഷ, ഇന്ത്യൻ സോഷ്യൽ കോൺഫറൻസിന്റെ സജീവ, എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്.

# കുയിലി



പതിനെട്ടാം നൂറ്റാണ്ടിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയ്ക്ക് എതിരായി പോരാടിയ ശിവഗംഗയിലെ റാണി വേലു നാച്ചിയാർ ഒരു മഹാ സൈന്യത്തെ തന്നെ സ്വന്തമായി പരിശീലനം നൽകി അതിസാഹസികരായ കുറച്ചു യുവതികളെ വളർത്തി എടുത്തിരിന്നു. അവർക്കായി പ്രത്യേക വിഭാഗവും രൂപികരിച്ചു. സുന്ദരിയും ബുദ്ധിമതിയുമായിരുന്ന കുയിലിയെ തൻറെ സൈന്യാധിപയായും വേലു നായിച്ചർ വാഴിച്ചു[2].

ഗവ. യു.പി.എസ്,വിതുര

# കുയിലി

1780 ൽ വേലു നാച്ചിയരും ഹൈദരാലിയും ചേർന്ന് ബ്രിട്ടീഷുകാർക്ക് എതിരെ ഒരു ആക്രമണം നടത്താൻ പദ്ധതി ഇട്ടു. ബ്രിട്ടീഷുകാർ വെടിക്കോപ്പുകൾ സൂക്ഷിച്ചിരിക്കുന്ന ആയുധപുര എങ്ങനെ എങ്കിലും തകർക്കുക എന്നതായിരിന്നു അവരുടെ പദ്ധതി. അതിൻറെ ചുമതല ഏൽപ്പിച്ചത് വേലു നാച്ചിയരുടെ വിശ്വസ്തയായ പടനായികയായ കുയിലിയെ ആയിരന്നു[3].

ബ്രിട്ടീഷുകാർ തങ്ങളുടെ ആയുധങ്ങളും വെടിക്കോപ്പുകളും സൂക്ഷിച്ചിരിക്കുന്നത് ഒരു ക്ഷേത്രത്തിലാണെന്നു മനസ്സിലാക്കിയ കുയിലിയും കൂട്ടരും അതു നശിപ്പിക്കുന്നതിനുള്ള വഴികൾ ആലോചിച്ചു

സ്ത്രീകൾക്ക് മാത്രം പ്രവേശനമുണ്ടായിരുന്ന ക്ഷേത്രത്തിൽ വിജയദശമി ദിവസം പൂജകൾ നടത്താൻ എന്ന വ്യാജേന ഉള്ളിൽ കയറിയ കുയിലി തൻറെ ശരീരത്തിൽ മുഴുവനും നെയ്യ് പുരട്ടികൊണ്ട് സ്വയം തീ കൊളുത്തി ആയുധങ്ങൾ സൂക്ഷിച്ചിരിക്കുന്ന അറയിലേയ്ക്ക് ഓടിക്കയറി. ഉടൻ തന്നെ അവിടെ അത്യുഗ്രമായ സ്ഫോടനം നടക്കുകയും അവിടെ സൂക്ഷിച്ചിരുന്ന ആയുധങ്ങൾ എല്ലാം കത്തി ചാമ്പൽ ആയി മാറുകയും ചെയ്തു . ആ ഉഗ്ര സ്പോടനത്തിൽ കുയിലി എന്ന ധീര വനിത വീരമൃത്യു വരിക്കുകയും ചെയ്തു.

എന്നാൽ ഈ വിവരം വേലു നാച്ചിയരെ വളരെയധികം ദുഃഖത്തിലാഴ്ത്തി. കുയിലിയുടെ ജീവത്യാഗത്തിനു ശേഷം നടന്ന യുദ്ധത്തിൽ ബ്രിട്ടീഷ്കാർക്ക് എതിരെ വൻ വിജയം കൈവരിക്കാൻ വേലു നച്ചിയാർക്ക് കഴിഞ്ഞു [4].

ഗവ. യു.പി.എസ്,വിതുര

## ഭിക്കാജി റസ്തം കാമ



ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന് വേണ്ടി പോരാടിയ ധീര വനിതയായിരുന്നു ഭിക്കാജി റസ്തം കാമ എന്ന **മാഡം കാമ**. 1907 ൽ ജർമ്മനിയിലെ സ്റ്റുട്ട്ഗാർട്ടിൽ വച്ചു നടന്ന ഇന്റർനാഷണൽ സോഷ്യലിസ്റ്റ് കോൺഫറൻസ് വേദിയിൽ ഇന്ത്യയുടെ ദേശീയപതാക ഉയർത്തി അവർ ശ്രദ്ധ നേടി.[1]

# കനകലത ബറുവ

ആസ്സാമിലെ കോൺഗ്രസ്സ് യുവജനവിഭാഗം രൂപീകരിച്ച മൃത്യു ബാഹിനി എന്ന സംഘടനയിലൂടെയാണ് കനകലത രാഷ്ട്രീയരംഗത്തേക്കു പ്രവേശിക്കുന്നത്.[5] ക്വിറ്റ് ഇന്ത്യാ സമരത്തെത്തുടർന്നുണ്ടായ വ്യാപക അറസ്റ്റിൽ പ്രതിഷേധിച്ച് ഇന്ത്യയൊട്ടുക്കും അക്രമങ്ങൾ അരങ്ങേറിയപ്പോഴും, ആസ്സാമിൽ സമാധാനപൂർണ്ണമായി തന്നെയാണ് ക്വിറ്റ് ഇന്ത്യാ സമരം നടന്നത്. 1942 സെപ്തംബർ 20 ന് അടുത്തുള്ള പോലീസ് സ്റ്റേഷനിൽ ദേശീയ പതാക ഉയർത്താൻ ബാഹിനി തീരുമാനിച്ചു. കനകലതയുടെ നേതൃത്വത്തിലുള്ള ഒരു സംഘം സമാധാനപരമായി സ്റ്റേഷനിലേക്കു മാർച്ചു നടത്തി. പോലീസിന്റെ വിലക്കു വകവെക്കാതെ, സംഘം പോലീസ് സ്റ്റേഷനെ ലക്ഷ്യമാക്കി തന്നെ മുന്നേറി. ജാഥക്കു നേരെ പോലീസ് വെടിയുതിർത്തു. വെടിവെപ്പിൽ കനകലതയും, മുകുന്ദ കാക്കോത്തിയും മരണമടഞ്ഞു.[6]

# കല്പന ദത്ത

1930 ഏപ്രിൽ 18-നായിരുന്നു ചിറ്റഗോങ് ആയുധപ്പുര ആക്രമണം. 1931 മേയ് മാസത്തിൽ കൽപ്പന സൂര്യ സെൻ നേതൃത്വം നൽകിയ ഇന്ത്യൻ റിപ്പബ്ലിക്കൻ ആർമിയിൽ അംഗമായി. അതേ വർഷം സെപ്റ്റംബറിൽ ചിറ്റഗോങിലെ യൂറോപ്യൻ ക്ലബ്ബ് ആക്രമിക്കുക എന്ന ദൗത്യം കൽപ്പന, പ്രീതിലത വാദേദാർ എന്നിവരെ ഏൽപ്പിച്ചു. എന്നാൽ ഇതിന്റെ മുന്നൊരുക്കത്തിനായി പരിസരനിരീക്ഷണം നടത്തവേ കൽപ്പന അറസ്റ്റ് ചെയ്യപ്പെട്ടു. ജാമ്യത്തിൽ പുറത്തിറങ്ങി ശേഷം ഒളിവിൽ പോയി. 1933 ഫെബ്രുവരി 17-ന് പോലീസ് ഇവരുടെ ഒളിത്താവളം വളഞ്ഞ് സൂര്യ സെന്നിനെ അറസ്റ്റ് ചെയ്തുവെങ്കിലും കൽപ്പന രക്ഷപെട്ടു. 1933 മേയ് 19-ന് വീണ്ടും അറസ്റ്റിലായി.

ഗവ. യു.പി.എസ്,വിതുര

# അബ്ബക്കറാണി

ഉള്ളാളിലെ റാണിയും, കോളനി കാലഘട്ടത്തിൽ പോർച്ചുഗീസുകാർക്കെതിരെ പൊരുതിയ ധീര വനിതയുമായിരുന്നു **അബ്ബക്കാ റാണി**.[1] പതിനാറാം നൂറ്റാണ്ടിന്റെ അവസാന പകുതിയായിരുന്നു അവരുടെ കാലഘട്ടം. തുളുനാട് എന്നറിയപ്പെട്ടിരുന്ന കർണ്ണാടകയുടെ തീരദേശം ഭരിച്ചിരുന്ന ചൗത വംശജയായിരുന്നു അബ്ബക്കാ റാണി. തുളുനാടിന്റെ തുറമുഖമായിരുന്നു *ഉള്ളാൾ*. വളരെ പ്രധാനപ്പെട്ട ഈ പ്രദേശം പിടിച്ചെടുക്കാൻ പോർച്ചുഗീസുകാർ വളരെയധികം ശ്രമിച്ചുവെങ്കിലും വിജയിക്കുവാൻ കഴിഞ്ഞില്ല. അബ്ബക്കാ റാണിയുടെ ധീരമായ ചെറുത്തു നിൽപ്പുകാരണം, പോർച്ചുഗീസുകാർക്ക് ഈ പ്രദേശം അപ്രാപ്യമായി തീർന്നു.[2] കോളനിവാഴ്ചക്കെതിരേ പോരാടിയ ആദ്യ കാല ഭാരതീയരിൽ ഒരാളായിരുന്നു അബ്ബക്കാ റാണി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലെ ആദ്യത്തെ വനിതയായും ഇവരെ വിശേഷിപ്പിക്കുന്നു.[3]

**അബ്ബക്കാ ചൗത**

**ഉള്ളാൾ റാണി**





# അബ്ബക്കറാണി

പോർച്ചുഗീസുകാർ അബ്ബക്ക റാണിയോട് കപ്പം നൽകണം എന്നാവശ്യപ്പെട്ടെങ്കിലും, റാണി അത് നിരസിച്ചു. 1555 റാണിയെ പരാജയപ്പെടുത്താൻ അഡ്മിറൽ ഡോം അൽവാറോയുടെ നേതൃത്വത്തിൽ ഒരു സൈന്യം തുളുനാട്ടിലേക്കു വന്നുവെങ്കിലും, റാണി അവരെ പരാജയപ്പെടുത്തി. 1557 ൽ പോർച്ചുഗീസുകാർ മംഗലാപുരം കീഴടക്കി. ഉള്ളാൾ കീഴടക്കാൻ ഒരു സൈന്യം പുറപ്പെട്ടു, അവർ കൊട്ടാരത്തിലെത്തിയപ്പോഴേക്കും, റാണി അവിടെ നിന്നും രക്ഷപ്പെട്ടു ഒരു പള്ളിയിൽ അഭയം തേടി. അന്നത്തെ രാത്രിയിൽ 200 ഓളം സൈനികരെ സംഘടിപ്പിച്ച റാണി പോർച്ചുഗീസ് സേനക്കെതിരേ ആക്രമണം അഴിച്ചു വിട്ടു. പോർച്ചുഗീസ് സൈന്യതലവനായിരുന്ന ജനറൽ പൈക്സിയോട്ടോ കൊല്ലപ്പെട്ടു.[7] എഴുപതോളം പോർച്ചുഗീസ് സൈനികരെ റാണിയുടെ സേന തടവുകാരായി പിടിച്ചു. തുടർന്നു നടന്ന യുദ്ധത്തിൽ പോർച്ചുഗീസ് ജനറലായിരുന്ന മസ്കരാസ് കൊല്ലപ്പെടുകയും, മംഗലാപുരം കോട്ട ഉപേക്ഷിച്ചു പോവാൻ പോർച്ചുഗീസുകാർ



# ബീഗം ഹസറത്ത് മഹൽ

ബ്രിട്ടീഷ് ഇന്ത്യയിലെ ഫൈസാബാദിലുള്ള അവധ് എന്ന നാട്ടുരാജ്യത്തിലാണ് ഹസ്രത്ത് മഹൽ ജനിച്ചത്. മുഹമ്മദി ഖാനും എന്നായിരുന്നു ഹസ്രത്തിന്റെ ബാല്യകാലത്തിലെ പേര്.[3] ലക്നൗ ഭരണാധികാരിയായിരുന്ന നവാബ് വാദിജ് അലി ഷാ, മുഹമ്മദി ഖാനുമിനെ തന്റെ രാജ്ഞിയാക്കി. ബിർജിദ് ഖാദറിന്റെ ജനനത്തോടെ, അവർ ബീഗം ഹസ്രത്ത് മഹൽ എന്ന നാമധേയം സ്വീകരിച്ചു.[4]

1856 ൽ ബ്രിട്ടീഷുകാർ അവധ് കീഴടക്കിയപ്പോൾ, വാജിദ് അലി ഷാ, നാടുകടത്തപ്പെട്ടു. ഭർത്താവിന്റെ അഭാവത്തിൽ ഹസ്രത്ത് മഹൽ, അവധിന്റെ അധികാരം ഏറ്റെടുത്തു. 1857 ലെ ഒന്നാം സ്വാതന്ത്ര്യസമരകാലത്ത്, രാജാ ജൈലാൽ സിങ്ങിനോടൊപ്പം ചേർന്ന് ലക്നൗ ബ്രിട്ടീഷുകാരിൽ നിന്നും പിടിച്ചെടുത്തു. ലക്നൗ കീഴ്പെടുത്തിയശേഷം, ബീഗം അവധിന്റെ പിന്തുടർച്ചവാകാശിയായി തന്റെ മകനായ ബിർജിസിനെ അവരോധിച്ചു. 1858 ൽ നീണ്ട യുദ്ധത്തിനു ശേഷം, ബ്രിട്ടീഷുകാർ ലക്നൗ തിരിച്ചു പിടിക്കുകയും, ബീഗത്തോട് കീഴടങ്ങാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു.[5]

ബ്രിട്ടീഷുകാരിൽ നിന്നുമുള്ള കടുത്ത സമ്മർദ്ദം സഹിക്കാനാവാതെ ബീഗം, നേപ്പാളിൽ രാഷ്ട്രീയ അഭയം തേടി. നേപ്പാളിന്റെ പ്രധാനമന്ത്രി, ആദ്യം ബീഗത്തിനു അഭയം നിഷേധിച്ചുവെങ്കിലും, പിന്നീട് അവരോട് നേപ്പാളിൽ അഭയം നൽകി. 1879 ഏപ്രിൽ ഏഴാം തീയതി, ബീഗം നേപ്പാളിൽ വച്ച്

സ്മൃതി



# ഗുലാബ് കൗർ


1890 ൽ പഞ്ചാബിലെ സാംഗ്രൂർ ജില്ലയിലെ ബക്ഷിവാല ഗ്രാമത്തിലാണ് ഗുലാബ് കൗർ ജനിച്ചത്.[1] മാൻ സിങ്ങിനെ വിവാഹം കഴിച്ചു. അന്തിമമായി അമേരിക്കയിലേക്ക് കുടിയേറാൻ ആഗ്രഹിച്ചിരുന്ന ദമ്പതികൾ ഫിലിപ്പീൻസിലെ മനിലയിലേയ്ക്ക് പോയി.[2][3] മനിലയിൽ വച്ച് അവർ ഇന്ത്യൻ ഉപഭൂഖണ്ഡത്തെ ബ്രട്ടീഷ് ഭരണത്തിൽനിന്നു മോചിപ്പിക്കുന്നതിനായി സിഖ്-പഞ്ചാബി കുടിയേറ്റക്കാർ സ്ഥാപിച്ച ഗദ്ദർ പാർട്ടിയിൽ അംഗത്വമെടുത്തു.[4]

രാജ്യദ്രോഹ പ്രവർത്തികൾക്ക് അവർ അക്കാലത്ത് ബ്രിട്ടീഷ് ഇന്ത്യയിലും ഇപ്പോൾ പാകിസ്താനിലും ഉൾപ്പെട്ട ലാഹോറിൽ രണ്ടു വർഷത്തെ തടവ് ശിക്ഷ അനുഭവിച്ചിരുന്നു.[5][6] എസ്. കേസാർ സിംഗ് പഞ്ചാബി ഭാഷയിൽ അവരെക്കുറിച്ചെഴുതിയ 'ഗഡാർ ദി ധീ ഗുലാബ് കൗർ' എന്ന പുസ്തകം 2014 ൽ പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.[7]

ഗവ. യു.പി.എസ്,വിതുര

സ്മൃതി

# അമൃതകൌർ



രാജാ ഹർണാംസിങ്ങിന്റെ ഏക പുത്രിയായി ലഖ്നൗവിലെ കപൂർത്തല രാജവംശത്തിൽ 1889 ഫെ. 2-ന് അമൃതകൌർ ജനിച്ചു. രാഷ്ട്രീയസാമൂഹികരംഗങ്ങളിൽ ബാല്യം മുതൽ സജീവമായ പങ്ക് ഇവർ വഹിച്ചിട്ടുണ്ട്. കപൂർത്തല രാജകുടുംബത്തിൽ പിറന്ന അവർ മാതാപിതാക്കളോടൊപ്പം ക്രിസ്തുമത വിശ്വാസിയായി. ഇംഗ്ളണ്ടിൽ ഉപരിവിദ്യാഭ്യാസം നേടി ഇന്ത്യയിൽ തിരിച്ചെത്തിയശേഷം സാമൂഹിക സേവനത്തിലാണ് ഇവരുടെ ശ്രദ്ധ തിരിഞ്ഞത്. അഖിലേന്ത്യാ വനിതാസമ്മേളനം തുടങ്ങിയ കാലം (1927) മുതൽ അതിൽ അംഗമായിരുന്നു അമൃതകൌർ. 1933-ൽ ബ്രിട്ടിഷ് പാർലമെന്റിന്റെ സെലക്ട് കമ്മറ്റി മുൻപാകെ ഈ സംഘടനയ്ക്കുവേണ്ടി ഇവർ തെളിവു നല്കുകയുണ്ടായി. ഗാന്ധിജിയുടെ സെക്രട്ടറി എന്ന നിലയിൽ 16 കൊല്ലം ഇവർ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ക്വിറ്റിന്ത്യാ പ്രക്ഷോഭത്തെത്തുടർന്ന് ജയിൽ വാസം അനുഭവിച്ചു. 1946-ൽ യുനെസ്കോ സമ്മേളനത്തിൽ ഇന്ത്യൻ സംഘത്തിന്റെ ഉപനേതാവായിരുന്നു ഇവർ. 1947-ൽ സ്വതന്ത്ര ഇന്ത്യയിലെ ആദ്യത്തെ ആരോഗ്യവകുപ്പുമന്ത്രിയായ ഇവർ 1957 വരെ തത്സ്ഥാനം വഹിച്ചു. 1964 വരെ രാജ്യസഭാംഗമായിരുന്നു. 1950-ൽ ലോകാരോഗ്യസംഘടനയുടെ സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഇന്ത്യൻ റെഡ്ക്രോസ് സംഘടനയുടേയും അധ്യക്ഷയായിരുന്നിട്ടുണ്ട്.

# സ്മൃതി



## പുവാൻ ശ്രീ പദ്മശ്രീ ജാനകി ആദിനാ ഗപ്പൻ

മലയയിലെ സമ്പന്ന തമിഴ് കുടുംബാംഗമായ ജാനകി പതിനാറാം വയസിലാണ് സ്വാതന്ത്ര്യ സമര രംഗത്തെത്തുന്നത്. സുഭാഷ് ചന്ദ്ര ബോസിന്റെ ആഹ്വാനത്തെത്തുടർന്ന് സമര രംഗത്തെത്തിയ ജാനകി തന്റെ സ്വർണ കമ്മലുകൾ സമരാവശ്യങ്ങൾക്കായി സംഭാവന ചെയ്തു. കുടുംബാംഗങ്ങളുടെ  വലിയ എതിർപ്പുകളുണ്ടായെങ്കിലും ഝാൻസി റാണി റെജിമെന്റിന്റെ ഭാഗമായി പ്രവർത്തിച്ചു.

ഝാൻസി റാണി റെജിമെന്റിലെ സെക്കന്റ് ഇൻ കമാന്റ് ആയിരുന്നു. [1] രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം സാമൂഹ്യ പ്രവർത്തന രംഗത്തു ശ്രദ്ധ കേന്ദ്രീകരിച്ചു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ആവേശം ഉൾക്കൊണ്ട് മലയയിലെ ഇന്ത്യൻ കോൺഗ്രസ് മെഡിക്കൽ മിഷനിൽ ചേർന്നു പ്രവർത്തിച്ചു. 1946 ൽ ജാനകിയും ജോൺ തിവിയും ചേർന്ന് മലയൻ ഇന്ത്യൻ കോൺഗ്രസ് സ്ഥാപിച്ചു. പിന്നീട് മലേഷ്യൻ പാർലമെന്റിലെ സെനറ്ററായി പ്രവർത്തിച്ചു.

ഭാരത സർക്കാർ 2000- ൽ പത്മശ്രീ പുരസ്കാരം നൽകി.[2] 9 മേയ് 2014 ന് ന്യുമോണിയ ബാധ മൂലം മരണമടഞ്ഞു.[3]

## കാരിക്കത്ത് സുഭദ്രാമ്മ ടീച്ചർ

ചർക്കയിൽ നൂൽ നൂൽക്കുകയും ചിത്രപ്പണികൾ നടത്തുകയും ചെയ്തിരുന്ന സുഭദ്രാമ്മ ടീച്ചർ അക്കാലത്ത് തൃശൂരിലെ സ്വാതന്ത്ര്യ സമരസേനാനികൾക്ക് ആവേശമായിരുന്നു. ഗാന്ധിജിയുടെ തൃശൂർ സന്ദർശനവേളയിൽ ഗാന്ധിജിക്ക് സമ്മാനിക്കാനായി, ഗാന്ധിജിയുടെ തന്നെ ചിത്രം ഖാദിത്തുണിയിൽ നെയ്തെടുത്ത് അതിനു ചുറ്റും മനോഹരമായ ഞൊറികൾ നെയ്തു ചേർത്ത്, സുഭദ്രാമ്മ ടീച്ചർ ഒരു തൂവാല തയ്യാറാക്കി. 1934 ജനവരി 16ന് ഗാന്ധിജി പുറനാട്ടുകര ശ്രീരാമകൃഷ്ണാശ്രമത്തിൽ എത്തിയപ്പോൾ ഗാന്ധിജിയുടെ ചിത്രം ആലേഖനം ചെയ്ത ആ തൂവാല ഒരു ഹരിജൻ ബാലികയെക്കൊണ്ടാണ് മഹാത്മാവിന് സമ്മാനിച്ചത്. പിന്നീട് മണികണ്ഠനാൽത്തറയിൽ നടന്ന യോഗത്തിൽ ഗാന്ധിജി അത് ലേലം ചെയ്തപ്പോൾ കുട്ടൻനായർ എന്നയാൾ 10 രൂപയ്ക്കത് വാങ്ങി.[3]

ഗവ. യു.പി.എസ്,വിതുര

## റാണി ഗൈഡിൻ ലിയു



റാണി ഗൈഡിൻലിയു: ഇന്ത്യയിൽ ബ്രിട്ടീഷ് ഭരണത്തിനെതിരെ കലാപത്തിന് നേതൃത്വം നൽകിയ നാഗ ആത്മീയ, രാഷ്ട്രീയ നേതാവായിരുന്നു മണിപ്പൂരുകാരിയായ റാണി ഗൈഡിൻലിയു. 1932 ൽ പതിനാറാമത്തെ വയസ്സിൽ ഗൈഡിൻലിയുവിനെ ബ്രിട്ടീഷ് പൊലീസ് അറസ്റ്റ് ചെയ്തു. തുടർന്ന് ജീവപര്യന്തം തടവിന് ശിക്ഷിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിന് ശേഷം 1947 ൽ മോചിതയായ അവർ ജനങ്ങളുടെ ഉന്നമനത്തിനായി തുടർന്നു പ്രവർത്തിച്ചു. ഗൈഡിൻലിയുവിന് 'റാണി' പദവി നൽകിയത് ജവഹർലാൽ നെഹ്റുവാണ്.

സ്മൃതി

## കിത്തൂർ റാണി ചെന്നമ്മ.



കിത്തൂരിലെ (ഇപ്പോൾ കർണാടക)റാണിയായിരുന്നു കിത്തൂർ റാണി ചെന്നമ്മ. ഇംഗ്ലീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിക്കെതിരെ കലാപം നയിച്ചു.1829ൽ ചെന്നമ്മയെ അറസ്റ്റ് ചെയ്ത് തടവിലാക്കി. കമ്പനിക്കെതിരേ സായുധ കലാപം നയിച്ചതിന്റെ പേരിലാണ് ഇവർ പ്രധാനമായും അറിയപ്പെടുന്നത്. ഈ സായുധ കലാപത്തിനു ശേഷം ചെന്നമ്മ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ പ്രതീകമായി അറിയപ്പെടുന്നു. 21 ഫെബ്രുവരി 1829 ന് തന്റെ അമ്പതാമത്തെ വയസ്സിൽ തടവറയിൽ വച്ച് ചെന്നമ്മ അന്തരിച്ചു.[1]

## A V കുട്ടി മാളു അമ്മ



ഇന്ത്യൻ സ്വാതന്ത്ര്യസമരരംഗത്തേക്ക് കേരളത്തിൽ നിന്നു കടന്നു ചെന്ന നേതൃപാടവമുള്ള അപൂർവം വനിതകളിൽ ഒരാളായിരുന്നു **എ.വി. കുട്ടിമ്മാളു അമ്മ**. (1905 ഏപ്രിൽ 23- 1985 ഏപ്രിൽ 14).നിയമലംഘനസമരവുമായി ബന്ധപ്പെട്ട് രണ്ടുമാസം പ്രായമുള്ള കുഞ്ഞുമായി ഇവർ ജയിൽവാസം അനുഷ്ഠിച്ചു.[1]

# സ്മൃതി

## പർബതിഗിരി



പർബതി ഗിരി: ഒഡീഷയിൽ നിന്നുള്ള സ്വാതന്ത്ര്യസമര പ്രവർത്തകയായിരുന്നു പർബതി ഗിരി. ക്വിറ്റ് ഇന്ത്യാ പ്രസ്ഥാനത്തിൽ മുൻപന്തിയിൽ നിൽക്കുമ്പോൾ അവൾക്ക് 16 വയസ്സായിരുന്നു. ബ്രിട്ടീഷ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് രണ്ട് വർഷം ജയിലിൽ അടയ്ക്കപ്പെട്ടു. ഇന്ത്യ സ്വാതന്ത്ര്യം നേടിയ ശേഷം, അനാഥരുടെ ക്ഷേമത്തിനായി ഗിരി ജീവിതം സമർപ്പിച്ചു. 'ഒഡീഷയിലെ മദർ തെരേസ'എന്ന് അറിയപ്പെടുന്നു.

ഗവ. യു.പി.എസ്,വിതുര


## ചന്ദ്രപ്രഭ സൈകിയാനി



ആസാമിൽ നിന്നുള്ള ഒരു ഇന്ത്യൻ സാമൂഹികപരിഷ്കർത്താവും എഴുത്തുകാരിയും സ്വാതന്ത്ര്യ സമരസേനാനിയായിരുന്നു **ചന്ദ്രപ്രവ സൈകിയാനി (ചന്ദ്രപ്രഭ സൈകിയാനി)** (Chandraprava Saikiani)(aka Chandraprabha Saikiani))((1901–1972) ).[1][2][3] ആസാമിലെ സ്ത്രീകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന ഒരു സർക്കാറിതര സംഘടനയായ ഓൾ ആസാം പ്രാദേശിക് മഹിളാ സമിതിയുടെ സ്ഥാപകയാണ് ചന്ദ്രപ്രഭ സൈകിയാനി[4] ഇവർക്ക് 1972 ൽ ഭാരത സർക്കാറിൽ നിന്നും പത്മശ്രീ പുരസ്കാരം ലഭിച്ചു.[5] രണ്ടു ദശകങ്ങൾക്കുശേഷം 2002 ൽ ഇന്ത്യൻ സർക്കാർ സാമൂഹ്യനവോത്ഥാനവാദികൾ എന്ന സ്റ്റാമ്പ് പരമ്പര കീഴിൽ സൈകിയാനി അനുസ്മരണ സ്റ്റാമ്പും പുറത്തിറക്കി.[6]

സ്മൃതി

## സാവിത്രി ഭായി ഫൂലെ



സാവിത്രിഭായി ഫൂലെ: മഹാരാഷ്ട്രയിൽ നിന്നുള്ള സാമൂഹിക പ്രവർത്തകയായിരുന്നു സാവിത്രിഭായി ഫൂലെ. സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചിരുന്ന ജ്യോതിറാവു ഫൂലെയുടെ ഭാര്യയാണ്. ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ സ്ത്രീകളുടെ അവകാശങ്ങൾക്കായി അവർ പോരാടി. 1848 ൽ പൂനെയിൽ സ്ഥാപിതമായ ഇന്ത്യയിലെ ആദ്യത്തെ 'ഓൾ ഗേൾസ് സ്കൂളി'ലെ ആദ്യത്തെ വനിതാ അദ്ധ്യാപികയായിരുന്നു അവർ.



# ആബാദിബാനു ബീഗം

ഇന്ത്യൻ സ്വാതന്ത്ര സമര പോരാളികളായിയിരുന്ന അലി സഹോദരന്മാരുടെ (മൗലാനാ മുഹമ്മദ് അലി, മൗലാനാ ഷൗകത്ത് അലി) മാതാവും സ്വാതന്ത്ര സമരത്തിൽ സജീവമായി പങ്കെടുത്ത ഒരു വനിതയുമാണ് **ബീ അമ്മാൻ** എന്ന പേരിൽ അറിയപ്പെടുന്ന **ആബാദി ബാനു ബീഗം സാഹിബ**.[2] ഉത്തരേന്ത്യയിലെ റാംപൂർ സ്റ്റേറ്റിൽ സംസ്കാരസമ്പന്നമായ കുടുംബത്തിലെ അംഗമായിരുന്നു ഇവർ. ഭർത്താവായ അബ്ദുൽ അലിഖാൻ അന്നത്തെ റാംപൂർ നവാബിന്റെ ഉദ്യോഗസ്ഥനായിരുന്നു. മുഗൾ ചക്രവർത്തിമാരുടെ സവിച കുടുംബത്തിൽപ്പെട്ടവരും സംസ്കാര സമ്പന്നയുമായിരുന്നു ആബാദി ബാനു ബീഗം. 27-ാം വയസ്സിൽ വിധവയായിത്തീർന്ന അവർ പുത്രൻമാർക്ക് വേണ്ടത്ര വിദ്യാഭ്യാസം നല്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിച്ചു. ധീരതകൊണ്ട് വിഖ്യാതയായ വനിതയായിരുന്നു ബീ അമ്മാൻ. ഇവർ ആദ്യകാലഘട്ടങ്ങളിൽ പുത്രന്മാരുമായി പൊതു പ്രവർത്തനരംഗത്ത് സഹകരിച്ചു പ്രവർത്തിക്കുകയും പല പ്രദേശങ്ങളും സന്ദർശിച്ച് സ്വാതന്ത്ര്യസമരത്തിനു ജനങ്ങളെ പ്രേരിപ്പിക്കുകയും ചെയ്തു.[3] സ്വാതന്ത്ര

## ഉദാദേവി



ഉദാ ദേവി: 1857 ൽ ഉയർന്നുവന്ന ദളിത് സ്വാതന്ത്ര സമരപോരാളിയാണ് ഉദാ ദേവി. 1857 നവംബറിൽ നടന്ന സിക്കന്തർ ബാഗ് യുദ്ധത്തിൽ ഉദാ ദേവി പങ്കെടുത്തു. ഈ യുദ്ധത്തിൽ വച്ച് ഉയരമുള്ള മരത്തിൽ മുകളിൽ ഒളിച്ചിരുന്ന് വെടിയുതിർത്ത ഉദാ ദേവി മുപ്പതോളം ബ്രിട്ടീഷ് പട്ടാളക്കാരെ കൊന്നുവെന്ന് ചരിത്രം. ഒടുവിൽ ബ്രിട്ടീഷ് പട്ടാളം അവരെ വെടിവെച്ച് കൊന്നു.

ഗവ. യു.പി.എസ്,വിതുര

# ഭിമബായ് ഹോൽക്കർ



ഭീമബായ് ഹോൽക്കർ: ഇൻഡോർ രാജാവായിരുന്ന യശ്വന്ത് റാവു ഹോൽക്കറിന്റെ മകളാണ് ഭീമബായ് ഹോൽക്കർ. 1817 ൽ ഗറില്ലായുദ്ധത്തിലൂടെ ഭീമബായ് ഹോൽക്കർ ബ്രിട്ടീഷ് കേണൽ മാൽക്കമിനെതിരെ പോരാടി, അയാളെ പരാജയപ്പെടുത്തി. മഹിദ്പൂർ യുദ്ധത്തിൽ ബ്രിട്ടീഷ് സേനയ്ക്കെതിരെ 2,500 ഓളം വരുന്ന കുതിരപ്പട്ടാളത്തെ അവർ സധൈര്യം നയിച്ചു.

ഗവ. യു.പി.എസ്,വിതുര

## ഉഷ മെഹ്ത



ഉഷാ മെഹ്ത: ഗുജറാത്തിൽ നിന്നുള്ള ഗാന്ധിയൻ സ്വാതന്ത്ര സമര പോരാളിയായിരുന്നു ഉഷാ മെഹ്ത. എട്ടാം വയസിൽ 'സൈമൺ ഗോ ബാക്ക്' സമരത്തിൽ പങ്കെടുത്ത് കൊണ്ട് സ്വാതന്ത്രസമരത്തിലേക്ക് കടന്നുവന്നു. 1942 ൽ ആരംഭിച്ച രഹസ്യ റോഡിയോ ആയ 'സീക്രട്ട് കോൺഗ്രസ് റേഡിയോ ' യിൽ കുറച്ച് കാലം പ്രവർത്തിച്ചു. 1998 ൽ ഏറ്റവും ഉയർന്ന രണ്ടാമത്തെ സിവിലിയൻ അവാർഡ് പത്മവിഭൂഷൻ ലഭിച്ചു.

ഗവ. യു.പി.എസ്,വിതുര

## പ്രീതി ലത വഡേദാർ




പ്രീതിലത വഡേദാർ: ബംഗാളിൽ നിന്നുള്ള വിപ്ലവകാരിയായിരുന്നു പ്രീതിലത വഡേദാർ. മാസ്റ്റർഡ സൂര്യ സെന്നിന്റെ പ്രധാന സഹായിയായിരുന്നു അവർ. ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിൽ സജീവമായി പങ്കെടുത്തു. 'നായ്ക്കളെയും ഇന്ത്യക്കാരെയും അനുവദിക്കില്ല'എന്ന് ബോർഡെഴുതി വച്ച പഹർതാലി യൂറോപ്യൻ ക്ലബ്ബ് 1932-ൽ ഇവരടങ്ങിയ സംഘം ആക്രമിച്ച് തീയിട്ടു. അറസ്റ്റ് ഒഴിവാക്കാൻ പ്രീതിലത സയനൈഡ് കഴിച്ച് ജീവൻ ബലിയർപ്പിച്ചു.

# സ്മൃതി




ഗവ. യു.പി.എസ്,വിതുര

## മാതംഗിനി ഹസ്റ



മാതംഗിനി ഹസ്റ: പടിഞ്ഞാറൻ ബംഗാളിലെ മിഡ്നാപൂരിൽ നിന്ന് ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിലേക്ക്. 1932 ൽ, നിസ്സഹകരണ പ്രസ്ഥാനത്തിൽ പങ്കെടുക്കുകയും ഉപ്പ് നിയമം ലംഘിച്ചതിന് അറസ്റ്റുചെയ്യപ്പെടുകയും ചെയ്തു. 1942 സെപ്റ്റംബർ 29 ന് ബ്രിട്ടീഷ് ഇന്ത്യൻ പൊലീസ തംലൂക്ക് പൊലീസ് സ്റ്റേഷന് മുന്നിൽ വെടിവ കൊന്നു. 'വന്ദേമാതരം' എന്ന് ഉറക്കെ വിളിച്ച് പറഞ്ഞാണ് അവർ മരണം വരിച്ചത്. 'ഗാന്ധി ബുരി' എന്നറിയപ്പെടുന്നു.

ഗവ. യു.പി.എസ്,വിതുര

## സ്മൃതി



2021 ജനുവരി 26



# സ്മൃതി

2021 ജനുവരി 26



ഗവ. യു.പി.എസ്,വിതുര

## മഹത് വചനങ്ങൾ

* സ്വരാജ്യം എൻറെ ജന്മാവകാശമാണ്
ഞാനത് നേടുക തന്നെ ചെയ്യും
ബാലഗംഗാധര തിലക്

*ഒരു വ്യക്തി മരിച്ചേ കാം എന്നാൽ
ആശയം മരണശേഷവും
നിലനിൽക്കുകയും ആയിരങ്ങൾക്ക്
ജീവൻ നൽകുകയും ചെയ്യും
സുഭാഷ് ചന്ദ്ര ബോസ്

* എന്റെ സാമൂഹ്യദർശനം 3
വാക്കുകളിൽ
സംഗ്രഹിക്കാവുന്നതാണ് സമത്വം,
സ്വാതന്ത്ര്യം, സാഹോദര്യം.
ഡോക്ടർ ബി ആർ അംബേദ്കർ

*ബോംബുകളും തോക്കുകളും കൊണ്ട്
വിപ്ലവം നടത്താനാവില്ല. വിപ്ലവത്തിന്റെ
വാൾ മൂർച്ച കൂട്ടുന്നത് ആശയങ്ങളുടെ
ഉരകല്ലിലാണ്.
ഭഗത് സിംഗ്

**മീര L H .7 G**

## History behind our constitution

In March 1946 Clement attlee send a cabinet mission to India consisting of three cabinet ministers; namely Lord Pethick Lawrence ,sir Stafford Cripps and Mr.A V Alexander . On 15 March 1946 the cabinet mission came to India and in the course of their stay recommended the forming of the constituent assembly and an interim government. The constituent assembly first met on December 9 , 1946 . JB . Kripalani, the then Congress President proposed the name of Dr sachidanand Sinha the oldest member of the Assembly for the provisional president . Later on December 11, Dr. Rajendra Prasad was elected as the president of the constituent assembly .The constituent assembly appointed 13 important committees for framing the constitution . These committees submitted their reports between April and August 1947 and on the basis of these reports doctor B N Rao , the constitutional advisor submitted a draft of the Constitution by the end of the October 1947 in order to consider their draught a drafting committee of 6 members under the chairmanship of Dr BR Ambedkar had been set up the other members were Sri Krishnaswamy Ayyungar and Gopalaswami Ayyangar , K M Munshi ,Syed Mohammed sanaullah Sri B L Mitter and D P Khaitan. After the meeting sir B L Mitter ceased to be a member and in his place N Madhava Rao was nominated. The second draft was placed before the constituent assembly on February 21st 1948 . The draft was then considered close by close by the Assembly. The third reading was finished on 26 November 1949 .On the date the constitution received the signature of the President of the assembly and was declared as passed. It had taken 2 years 11 months and 18 days to complete the task . The constitution came into force on January 26 1950 and it is this date that the constitution refers to us the date of commencement.

Durga DA
6E

സ്മൃതി

# അംബേദ്കറും ഇന്ത്യൻ ഭരണഘടനയും

ഇന്ത്യൻ ഭരണഘടനയുടെ ശില്പി എന്നറിയപ്പെടുന്ന ഡോ: ബി ആർ അംബേദ്കർ 1891 ഏപ്രിൽ 14-ന് മഹാരാഷ്ട്രയിൽ രത്നഗിരി ജില്ലയിലെ അംബാവാഡി ഗ്രാമത്തിൽ രാംജി സത്പാലിന്റെയും ഭീമാ ഭായിയുടെയും പതിനാലാമത്തെ പുത്രനായി ജനിച്ചു. നിയമജ്ഞനായിരുന്ന അദ്ദേഹത്തെ സ്വതന്ത്ര ഇന്ത്യയുടെ ഭരണഘടന നിർമാണ ചുമതല നൽകി. ഡ്രാഫ്റ്റിംഗ് കമ്മറ്റി ചെയർമാനായ അദ്ദേഹം , 141 ദിവസം കൊണ്ട്ഭരണഘടനയുടെ ആദ്യ രൂപം തയ്യാറാക്കി. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ ഭരണഘടന ലോകത്തെ മികച്ച ഭരണഘടനകളിലൊന്നാണ്. സ്വതന്ത്ര ഇന്ത്യയുടെ ആദ്യ നിയമ മന്ത്രിയും അംബേദ്കർ ആയിരുന്നു

**പൂർണ MM**
**5 F**

ഗവ. യു.പി.എസ്,വിതുര

# 1857 മുതൽ 1950 വരെ



ഇന്ത്യയുടെ സ്വാതന്ത്ര്യസമര ചരിത്രത്തിന് പുത്തൻ ഉണർവ് വന്നത് ശിപായി ലഹള മുതലാണ്. ഒന്നാം സ്വാതന്ത്ര്യസമരം എന്നും വിശേഷിപ്പിക്കപ്പെടുന്ന ഈ സമരം മുതൽ ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിക്കുന്നതുവരെയുള്ള സമരചരിത്രത്തിലെ ചില ഏടുകളിലൂടെ ഒരു യാത്ര...

# സ്മൃതി

## 1857ലെ മഹത്തായ വിപ്ളവം

ബ്രിട്ടീഷ് ഭരണത്തിനെതിരായി 1857–58-കളിൽ മദ്ധ്യേന്ത്യയിലും ഉത്തരേന്ത്യയിലും ഉണ്ടായ ലഹളയാണ് 1857-ലെ ഇന്ത്യൻ ലഹള. ദശാബ്ദങ്ങളായി ഇന്ത്യൻ സൈനികരും ബ്രിട്ടീഷ് ഓഫീസർമാരും തമ്മിൽ നിലനിന്ന തദ്ദേശീയവും സാംസ്കാരികവുമായ വ്യത്യാസങ്ങളുടെ ഫലമായിരുന്നു ഈ ലഹള. മുഗളന്മാർ, പേഷ്വാകൾ, തുടങ്ങിയ ഇന്ത്യൻ ഭരണാധികാരികളോട് ബ്രിട്ടീഷുകാർക്കുണ്ടായിരുന്ന മതിപ്പില്ലായ്മയും ഔധ് ബ്രിട്ടീഷുകാർ പിടിച്ചടക്കിയതും ഇന്ത്യക്കാർക്കിടയിൽ ബ്രിട്ടീഷ് വിരുദ്ധ വികാരം വളരുന്നതിനു കാരണമായി. ഡൽഹൌസിയുടെ, സാമ്രാജ്യങ്ങൾ പിടിച്ചടക്കുന്ന നയം, ഡോക്ട്രിൻ ഓഫ് ലാപ്സ് അഥവാ എസ്ഷീറ്റ്, മുഗളന്മാരുടെ പിൻഗാമികളെ അവരുടെ പരമ്പരാഗതകൊട്ടാരത്തിൽ നിന്നും ദില്ലിയ്ക്കടുത്തുള്ള കുത്തബ്ബിലേയ്ക്കു മാറ്റിയത്, തുടങ്ങിയ നടപടികൾ പലരെയും പ്രകോപിപ്പിച്ചു. ലഹള പൊട്ടിപ്പുറപ്പെടാനുള്ള നിമിത്തം .557 കാലിബർ പാറ്റേൺ 1853 എൻഫീൽഡ് (പി/53) റൈഫിൾ വെടിയുണ്ടകളിൽ പശുവിന്റെയും പന്നിയുടെയും നെയ്യ് ഉപയോഗിച്ചു എന്ന കിംവദന്തി പരന്നതായിരുന്നു. ഭടന്മാർക്ക് വെടിയുണ്ടകൾ തോക്കിൽ നിറയ്ക്കുന്നതിനു മുൻപ് അവരുടെ പല്ലുകൊണ്ട്

## സ്മൃതി

പൊട്ടിക്കേണ്ടതുണ്ടായിരുന്നു. പശുവിനെ ആരാധിച്ചിരുന്ന ഹിന്ദുമത അനുയായികളായ സൈനികർക്കും, പന്നിയെ വെറുക്കപ്പെട്ട മൃഗമായി കരുതിയിരുന്ന മുസ്ലീംമത അനുയായികളായ സൈനികർക്കും ഇത് നിഷിദ്ധമായിരുന്നു. 1857 ഫെബ്രുവരിയിൽ, ഇന്ത്യൻ ശിപായിമാർ ഈ പുതിയ വെടിയുണ്ടകൾ ഉപയോഗിക്കാൻ വിസമ്മതിച്ചു. ബ്രിട്ടീഷുകാർ ഈ വെടിയുണ്ടകൾക്കു പകരം പുതിയ വെടിയുണ്ടകൾ കൊണ്ടുവന്നു എന്ന് അവകാശപ്പെടുകയും ശിപായിമാരെ സ്വന്തമായി തേനീച്ചമെഴുകിൽ നിന്നും സസ്യ എണ്ണകളിൽ നിന്നും ഗ്രീസ് ഉണ്ടാക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു. പക്ഷേ കിംവദന്തി നിലനിന്നു.

1857 മാർച്ചിൽ ബാറാക്ക്പൂരിലെ 34-ആം കാലാൾപ്പടയിലെ ഒരു ഭടനായിരുന്ന മംഗൽ പാണ്ഡെ തന്റെ ബ്രിട്ടീഷ് സെർജന്റിനെ ആക്രമിയ്ക്കുകയും ഒരു അഡ്ജൂറ്റന്റിനെ മുറിവേൽപ്പിക്കുകയും ചെയ്തു. ജെനറൽ ഹിയേഴ്സി ഒരു ജമീന്ദാരിനോട് മംഗൽ പാണ്ഡെയെ അറസ്റ്റ് ചെയ്യാൻ ആവശ്യപ്പെട്ടു. എന്നാൽ ഈ ജമീന്ദാർ കല്പന അനുസരിച്ചില്ല. മംഗൽ പാണ്ഡെ ഒരുതരം മതപരമായ സന്നിയിലാണെന്നായിരുന്നു ജെനറൽ ഹിയേഴ്സിയുടെ അഭിപ്രായം. മംഗൽ പാണ്ഡെയെയും ഈ ജമീന്ദാറിനെയും ഏപ്രിൽ 7-നു തൂക്കിലേറ്റി. കൂട്ടത്തോടെയുള്ള ശിക്ഷാനടപടിയായി റെജിമെന്റിനെ മൊത്തത്തിൽ പിരിച്ചുവിട്ടു. മെയ് 10-നു 11, 12 കാലാൾപ്പടകൾ അണിനിരന്നപ്പോൾ അവർ കൂറുമാറി

## സ്മൃതി

* 1857 മേയ് 10-ന് ഉത്തർപ്രദേശിലെ മീററ്റിൽ ഒന്നാം സ്വാതന്ത്ര്യസമരം പൊട്ടിപ്പുറപ്പെട്ടു. മൃഗക്കൊഴുപ്പുപുരട്ടിയ തിരകൾ ഉപയോഗിക്കാൻ സൈനികരെ നിർബന്ധിച്ചതാണ് വിപ്ലവത്തിനു വഴിവെച്ചത്. ഡൽഹി പിടിച്ചെടുത്ത വിപ്ലവകാരികൾ ബഹാദുർ ഷാ രണ്ടാമനെ ചക്രവർത്തിയായി വാഴിച്ചു. 1858 ജൂൺ 20-ന് ഒന്നാം സ്വാതന്ത്ര്യസമരം അവസാനിച്ചു.

* 1858 ജൂൺ 18-ന് സമരത്തിന് നേതൃത്വം നൽകിയ ഝാൻസിയിലെ റാണി ലക്ഷ്മിബായ് ബ്രിട്ടീഷുകാരുമായുണ്ടായ ഏറ്റുമുട്ടലിൽ മരിച്ചു

* 1885 ഡിസംബർ 28-ന് ഇംഗ്ലീഷുകാരനായ എ.ഒ.ഹ്യൂം ഇന്ത്യൻ നാഷണൽ കോൺഗ്രസ് രൂപവത്കരിച്ചു.

* 1907 ഡിസംബർ 26-ന് സൂറത്തിൽ നടന്ന വാർഷികസമ്മേളനത്തിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ മിതവാദികളും തീവ്രവാദികളും വേർപിരിഞ്ഞു. റാഷ് ബിഹാരി ഘോഷിന്റെ നേതൃത്വത്തിലുള്ള മിതവാദികൾ ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനുള്ളിൽനിന്നുള്ള സ്വയം ഭരണം എന്ന ആശയം മുന്നോട്ടു വെച്ചപ്പോൾ പൂർണസ്വരാജായിരുന്നു ബാലഗംഗാധര തിലകിന്റെ നേതൃത്വത്തിലുള്ള തീവ്രവാദികളുടെ ലക്ഷ്യം.

* 1905 കഴ്സൺ പ്രഭു ബംഗാൾ പ്രവിശ്യയെ രണ്ടായി വിഭജിക്കാൻ തീരുമാനിച്ചു. ഹിന്ദു മുസ്ലിം ഐക്യം തകർക്കുകയായിരുന്നു ലക്ഷ്യം. ഓഗസ്റ്റ് ഏഴിന് കൽക്കട്ട ടൗൺഹാളിൽ നടന്ന ഒരു സമ്മേളനത്തോടെ വിഭജനവിരുദ്ധ പ്രക്ഷോഭം ആരംഭിച്ചു. ബാലഗംഗാധര തിലകിന്റെ നേതൃത്വത്തിൽ ആരംഭിച്ച സ്വദേശിപ്രസ്ഥാനം ബംഗാളിൽനിന്ന് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കു വ്യാപിച്ചു.

* 1911 ഹാർഡിഞ്ച് പ്രഭു ബംഗാൾ വിഭജനം റദ്ദാക്കി.

ഗവ. യു.പി.എസ്,വിതുര

## സ്മൃതി

* 1916 കോൺഗ്രസിലെ മിതവാദികളും തീവ്രവാദികളും ഒരുമിച്ചു. കോൺഗ്രസും ഓൾ ഇന്ത്യ മുസ്ലിം ലീഗും ബ്രിട്ടീഷ് വിരുദ്ധ സമരങ്ങളിൽ ഒന്നിക്കാനുള്ള ലഖ്നൗ ഉടമ്പടിയിൽ ഒപ്പുവെച്ചു.

* 1916 ഇന്ത്യക്കാരെ സ്വയംഭരണത്തിനു പ്രാപ്തരാക്കാൻ ഹോംറൂൾ പ്രസ്ഥാനം നിലവിൽവന്നു.

* 1917 ഗാന്ധിജി സ്വാതന്ത്ര്യസമരത്തിലേക്ക്. ചമ്പാരനിലെ നീലം കർഷകരുടെ സത്യാഗ്രഹത്തിൽ പങ്കെടുത്തു.

* 1919 ഏതൊരു വ്യക്തിയെയും വിചാരണ കൂടാതെ അറസ്റ്റുചെയ്യാനുള്ള അധികാരം സർക്കാരിന് നൽകുന്ന റൗലറ്റ് നിയമത്തിനെതിരേ ഏപ്രിൽ ആറിന് ഗാന്ധിജിയുടെ നേതൃത്വത്തിൽ രാജ്യവ്യാപക ഹർത്താൽ നടന്നു.

* 1919 ഏപ്രിൽ 13-ന് ജലിയൻ വാലാബാഗ് കൂട്ടക്കൊല. പോലീസ് അതിക്രമങ്ങളിൽ പ്രതിഷേധിക്കാൻ പഞ്ചാബിലെ അമൃതസറിനടുത്തുള്ള ജലിയൻവാലാബാഗ് മൈതാനത്തിൽ പൊതുയോഗം നടന്നു. സൈന്യം മൈതാനം വളയുകയും പ്രതിഷേധക്കാർ ക്കുനേരെ വെടിയുതിർക്കുകയും ചെയ്തു. ആയിരത്തിലേറെപ്പേർ സംഭവത്തിൽ മരണമടഞ്ഞു.

* 1920 ഓഗസ്റ്റിൽ ഗാന്ധിജി ബ്രിട്ടീഷുകാർക്കെതിരേ അക്രമരഹിത നിസ്സഹകരണപ്രസ്ഥാനത്തിന് രൂപം നൽകി. 1922 ഫെബ്രുവരി 5-ന് ഉത്തർപ്രദേശിലെ ഗൊരഖ്പുരിൽ ചൗരി ചൗരായിൽ സമരക്കാർ പോലീസ് സ്റ്റേഷൻ ആക്രമിക്കുകയും 22-ഓളം പോലീസുകാരെ അഗ്നിക്കിരയാക്കുകയും ചെയ്ത സംഭവത്തിൽ മനംനൊന്ത് ഗാന്ധിജി നിസ്സഹകരണസമരം പിൻവലിച്ചു.

# സ്മൃതി

* 1927 ഇന്ത്യയുടെ ഭരണഘടനാ പരിഷ്കാരങ്ങൾക്കായി ബ്രിട്ടീഷ് സർക്കാർ സൈമൺ കമ്മിഷൻ രൂപവത്കരിച്ചു. എന്നാൽ, ഇന്ത്യക്കാരില്ലാത്ത കമ്മിഷൻ റിപ്പോർട്ടിനെ ഇന്ത്യയിലെ പ്രമുഖ രാഷ്ട്രീയ പാർട്ടികൾ ബഹിഷ്കരിച്ചു. ജവാഹർലാൽ നെഹ്രുവിന്റെ നേതൃത്വത്തിലുള്ള കമ്മിഷനെ ഭരണഘടനാ പരിഷ്കാരത്തിന് ചുമതലപ്പെടുത്തി.

* 1929-ൽ ജവാഹർലാൽ നെഹ്രുവിന്റെ അധ്യക്ഷതയിൽ ചേർന്ന ലഹോർ സമ്മേളനം പൂർണസ്വരാജാണ് കോൺഗ്രസിന്റെ ഔദ്യോഗികലക്ഷ്യം എന്നു പ്രഖ്യാപിച്ചു. ഡിസംബർ 31-ന് രവി നദിക്കരയിൽ ഇന്ത്യയുടെ ത്രിവർണപതാക നെഹ്രു ഉയർത്തി. 1930 ജനുവരി 26-ന് സ്വാതന്ത്ര്യദിനമായി ആചരിക്കാനും തീരുമാനിച്ചു.

* 1930 മാർച്ച് 12-ന് 78 പ്രതിനിധികൾക്കൊപ്പം സാബർമതി ആശ്രമത്തിൽനിന്ന് ഗാന്ധിജി ദണ്ഡി യാത്ര പുറപ്പെട്ടു. ഏപ്രിൽ 5-ന് ദണ്ഡി കടപ്പുറത്ത് എത്തി. ഏപ്രിൽ ആറിന് ഉപ്പുനിയമം ലംഘിച്ചു

* 1931 സെപ്റ്റംബറിലെ രണ്ടാം വട്ടമേശ സമ്മേളനത്തിൽ ഗാന്ധിജി പങ്കെടുത്തു.

* 1942 ഓഗസ്റ്റ് എട്ടിലെ ബോംബെയിലെ കോൺഗ്രസ് സമ്മേളനം ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടുപോകാനും അധികാരം കൈമാറാനും ആവശ്യപ്പെടുന്ന ക്വിറ്റ് ഇന്ത്യ പ്രമേയം പാസാക്കി. പ്രവർത്തിക്കുക അല്ലെങ്കിൽ മരിക്കുക എന്നു ഗാന്ധിജി ആഹ്വാനം നടത്തി.

* 1945 -ൽ ബ്രിട്ടനിൽ അധികാരകൈമാറ്റം. ലേബർ പാർട്ടി അധികാരത്തിൽ വന്നു.

ഗവ. യു.പി.എസ്,വിതുര

## സ്മൃതി

* 1946 മാർച്ചിൽ അധികാരകൈമാറ്റത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കാബിനറ്റ് മിഷനെ ഇന്ത്യയിലേക്കയച്ചു. ബ്രിട്ടീഷ് പ്രവിശ്യകളും നാട്ടുരാജ്യങ്ങളും ഉൾപ്പെടുത്തി ഒരു ഇടക്കാല സർക്കാർ രൂപവത്കരിക്കാൻ മിഷൻ തീരുമാനിച്ചു. പാകിസ്താൻ വാദത്തെ കാബിനറ്റ് മിഷൻ എതിർത്തതിനെത്തുടർന്ന് ഓഗസ്റ്റ് 16-ന് മുസ്ലിംലീഗ് പ്രത്യക്ഷ സമരദിനമായി ആചരിച്ചു.

* 1946 സെപ്റ്റംബറിൽ വൈസ്രോയിയായ വേവൽ പ്രഭു ഇടക്കാല മന്ത്രിസഭ രൂപവത്കരിക്കാൻ കോൺഗ്രസിനെ ക്ഷണിച്ചു. സെപ്റ്റംബർ രണ്ടിന് നെഹ്രുവിന്റെ നേതൃത്വത്തിൽ ഇടക്കാല കോൺഗ്രസ് മന്ത്രിസഭ നിലവിൽ വന്നു. ഒക്ടോബർ 26-ന് മുസ്ലിം ലീഗ് മന്ത്രിസഭയിൽ ചേർന്നു.

* 1947 ജൂൺ 3-ന് പുതിയ വൈസ്രോയി മൗണ്ട് ബാറ്റൺ ഇന്ത്യയെ രണ്ടായി വിഭജിക്കാനുള്ള ബാൾക്കൺ പദ്ധതിക്ക് രൂപം നൽകി. കോൺഗ്രസ് ഇതിനെ അനുകൂലിച്ചു.

ബാറ്റൺ ഇന്ത്യയെ രണ്ടായി വിഭജിക്കാനുള്ള ബാൾക്കൺ പദ്ധതിക്ക് രൂപം നൽകി. കോൺഗ്രസ് ഇതിനെ അനുകൂലിച്ചു.

* 1947 ജൂലായ് 18-ന് ഇന്ത്യയെ സ്വതന്ത്രമാക്കുന്ന "ഇന്ത്യൻ ഇൻഡിപെൻഡൻസ് ആക്ട്" ബ്രിട്ടീഷ് സർക്കാ പാസാക്കി. ഇതോടെ ബാൾക്കൺ പദ്ധതി നിയമവിധേയമായി, 1947 ഓഗസ്റ്റ് 14-ന് പാകിസ്താൻ നിലവിൽ വന്നു.

* 1947 ഓഗസ്റ്റ് 14-ന് അർധരാത്രിയിൽ ഭരണഘടനാസമിതി യോഗം ചേർന്ന് നെഹ്രുവിനെ സ്വതന്ത്ര ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തു

* 1947 ഓഗസ്റ്റ് 15-ന് ഇന്ത്യ സ്വതന്ത്രരാജ്യമായി.

# 1857ലെ യുദ്ധാനന്തരം

1857-ലെ യുദ്ധം ആധുനിക ഇന്ത്യയുടെ ചരിത്രത്തിലെ ഒരു പ്രധാന നാഴികക്കല്ലായിരുന്നു. ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനി ബ്രിട്ടീഷുകാർ നിറുത്തലാക്കി. ഇതിനു പകരം ബ്രിട്ടീഷ് രാജഭരണത്തിൻ കീഴിൽ നേരിട്ടുള്ള ഭരണം തുടങ്ങി. ബ്രിട്ടീഷ് രാജാവിന്റെ പ്രതിനിധിയായി ഇന്ത്യയിൽ ഒരു വൈസ്രോയിയെ നിയമിച്ചു. "ഇന്ത്യയിലെ രാജാക്കന്മാർക്കും തലവന്മാർക്കും ജനങ്ങൾക്കുമായി" പുതിയ നേരിട്ടുള്ള ഭരണ നയം വിളംബരം ചെയ്തുകൊണ്ട് ബ്രിട്ടീഷ് രാജ്ഞിയായ വിക്ടോറിയ രാജ്ഞി ബ്രിട്ടീഷ് നിയമ പ്രകാരം ഇന്ത്യക്കാർക്ക് തുല്യ പരിഗണനയും അവകാശങ്ങളും വാഗ്ദാനം ചെയ്തു. എങ്കിലും ബ്രിട്ടീഷ് ഭരണത്തോടുള്ള വിശ്വാസമില്ലായ്മ 1857-ലെ സമരത്തിന്റെ ഫലമായി ഉണ്ടായി.

സ്മൃതി

## 1857 ന് മുൻപുള്ള ചില പ്രാദേശിക മുന്നേറ്റങ്ങൾ

1857-നു മുൻപ് ഇന്ത്യയുടെ പല ഭാഗങ്ങളിലും വിദേശഭരണത്തിനെതിരായി പ്രാദേശിക മുന്നേറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും ഇവയൊന്നും തന്നെ സംഘടിതസ്വഭാവം ഉള്ളവയായിരുന്നില്ല. ഈ മുന്നേറ്റങ്ങളെ വിദേശഭരണാധികാരികൾ എളുപ്പത്തിൽ അടിച്ചമർത്തി. ബംഗാളിൽ 1770-കളിൽ നടന്ന സന്യാസി ലഹള,[4] 1787-ൽ ഗോവയിലെ തദ്ദേശീയർ പോർച്ചുഗീസ് ഭരണത്തിനു എതിരായി നടത്തിയ മുന്നേറ്റം (ഇത് പിന്റോകളുടെ ഗൂഢാലോചന എന്ന് അറിയപ്പെടുന്നു),[5] 1830-കളിൽ ബംഗാളിൽ റ്റിറ്റുമിർ നടത്തിയ മുന്നേറ്റം,[6] കർണാടകത്തിലെ കിറ്റൂർ ലഹള, തമിഴ്നാട്ടിലെ പോളിഗാർ യുദ്ധങ്ങൾ, സൗരാഷ്ട്രയിലെ കച്ച് ലഹള,[7] തെക്കേ ഇന്ത്യയിലെ വീരപാണ്ഡ്യ കട്ടബ്ബൊമ്മൻ തുടങ്ങിയ രാജാക്കന്മാർ നടത്തിയ യുദ്ധങ്ങൾ[8] എന്നിവ ഇതിനുദാഹരണങ്ങളാണ്. മറ്റ് മുന്നേറ്റങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സന്താൾ പ്രക്ഷോഭം[9]

## ഈ സ്ഥലങ്ങൾ മറക്കരുത്!!



സംഭവബഹുലമായ പോരാട്ട വീര്യങ്ങളുടെ വിജയകഥ നാളെ വീണ്ടും ഓർമ്മിക്കപ്പെടും. നമുക്ക് വേണ്ടി, നമ്മുടെ ഭാരതമണ്ണിന് വേണ്ടി ജീവൻ ബലിയർപ്പിച്ച ധീരയോദ്ധാക്കളുടെ കഥകൾ കേട്ട് വരും തലമുറയും ആവേശം കൊള്ളണം. സ്വാതന്ത്ര്യ സമരപോരാട്ടകഥകൾ പറയുമ്പോൾ ഇനി പറയുന്ന സ്ഥലങ്ങളും മറക്കാതെ ഓർക്കാം.

## കൊൽക്കൊത്ത

കൊൽക്കത്തയിലാണ് സുരേന്ദ്രനാഥ് ബാനർജെ ആദ്യത്തെ ദേശീയ സംഘടനായ ഇന്ത്യൻ നാഷണൽ അസോസിയേഷൻ സ്ഥാപിച്ചത്. ഇവിടെ വളർന്നുവന്ന ദേശീയതയിൽ ഭയന്ന ബ്രിട്ടീഷുകാർ ഇന്ത്യയുടെ തലസ്ഥാനം കൊൽക്കത്തയിൽ നിന്നും ഡൽഹിയിലേക്ക് മാറ്റി.

## ചാമ്പാരൻ

ഭക്ഷ്യവിളകൾക്ക് പകരം നീലം കൃഷി ചെയ്യാന് ബ്രിട്ടീഷുകാർ ഉത്തരവിട്ടു. അതേ തുടർന്ന് നിരവധി കർഷക കുടുംബങ്ങൾ പട്ടിണിയിലാവുകയും പലരും മരിക്കുകയും ചെയ്തു. ഈ അവസരത്തിൽ മഹാത്മാഗാന്ധി ഇവിടം സന്ദർശിക്കുകയും പ്രക്ഷോഭം ആരംഭിക്കുകയും ചെയ്തു. പ്രക്ഷോഭഫലമായി ചമ്പാരൻ കാർഷിക നിയമം പാസാക്കി.

## ചൗരി ചൗരാ

ഉത്തർപ്രദേശിലെ ഖോരക്പൂരിലാണ് ഈ സ്ഥലം സ്ഥിതി ചെയ്യുന്നത്. സമാധാനപരമായി പ്രകടനം നടത്തിയ ആളുകളെ പോലീസ് ആക്രമിക്കുകയും നിരവധിപേരെ കൊല്ലുകയും ചെയ്തു. തുടർന്ന് രോഷാകുലരായ ജനക്കൂട്ടം പോലീസ് സ്റ്റേഷൻ തീയിട്ടു. 22 പോലീസുകാർ കൊല്ലപ്പെടുകയും ചെയ്തു.

## ബരാക് പൂർ

ശിപായി ലഹളയെ കുറിച്ച് അറിയാത്തവരായി ആരും തന്നെയില്ല. ബ്രിട്ടീഷുകാരുടെ നിയമങ്ങൾക്കെതിരെ മംഗൾ പാണ്ഡെ എന്ന ശിപായി പ്രതികരിച്ചതും ഒന്നാം സ്വാതന്ത്ര്യ സമരം പൊട്ടിപുറപ്പെട്ടതും ബരാക്പൂരിൽ വെച്ചാണ്. അക്കാലത്ത് ബ്രിട്ടീഷ് നിയമങ്ങളിലെ മാറ്റങ്ങളിൽ ഒന്നായ മാ 1953 എൻഫീൽഡ് റൈഫിൾസിൽ പേപ്പർ കാർട്ട്റിഡ്ജ് ഉപയോഗിക്കണമെന്ന നിർദ്ദേശത്തിനെതിരെയാണ് ശിപായി പ്രതികരിച്ചത്. 1857 ഏപ്രിൽ 8ന് മംഗൾ പാണ്ഡെയെ തൂക്കിലേറ്റി. ബരാക്പൂർ ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന കന്റോൺമെന്റ് കൂടിയാണ്.

## ഝാൻസി

ഇന്ത്യൻ സ്വാതന്ത്ര്യ സമരചരിത്രത്തിലെ ഇതിഹാസ നായിക റാണി ലക്ഷ്മി ഭായിയുടെ പേരിനോട് ചേർന്ന് നിൽക്കുന്ന പ്രദേശമാണ് ഝാൻസി. ശിപായി ലഹളയുടെ അലയൊലികൾ എത്തിച്ചേരുകയും വലിയൊരു യുദ്ധത്തിന് തുടക്കം കുറിക്കുകയും ചെയ്ത പ്രദേശമാണിത്.

## ബോംബെ

സ്വാതന്ത്ര്യ സമരകാലത്തെ പ്രധാന തീരുമാനങ്ങൾ പലതും എടുത്തത് ബോംബെയിൽ വെച്ചായിരുന്നു. അലൻ ഒക്ടോവിയൻ ഹ്യൂം ആണ് ബോംബെയിൽ വെച്ച് കോൺഗ്രസ് സ്ഥാപിച്ചത്. ബോംബെയിലാണ് കോൺഗ്രസിന്റെ ആദ്യ സെക്ഷൻ 1885 ഡിസംബർ 28 മുതൽ 31 വരെ നടന്നത്.

# സ്മൃതി



## കാകോരി

1925 ആഗസ്റ്റ് 9ന് നടന്ന കകോരി ഗൂഢാലോചനയ്ക്ക് പ്രസിദ്ധമായ ഈ സ്ഥലം ഉത്തർപ്രദേശിലെ ലക്നൗവിലാണ് സ്ഥിതി ചെയ്യുന്നത്. ഇന്ത്യൻ പോരാളികൾക്ക് അവരുടെ പ്രവർത്തനങ്ങൾ നടത്താനും ഹിന്ദുസ്ഥാൻ റിപ്പബ്ലിക്കൻ അസോസിയേഷന് ജനങ്ങളുടെ പിന്തുണ ലഭിക്കാനും പണം ആവശ്യമായി വന്നിരുന്നു. ഈ അവസരത്തിൽ 8000 രൂപയടങ്ങിയ ബ്രിട്ടീസ് ട്രഷറിയുടെ പണബാഗ് മോഷ്ടിക്കുകയും ചെയ്തു. ബ്രിട്ടീഷ് സ്വത്ത് കൊള്ളയടിക്കപ്പെട്ട ആദ്യത്തെ സംഭവം ആയതിനാൽ അന്വേഷണത്തിന് ഉത്തരവിടുകയും 40 ഓളം വിപ്ലവകാരികളെ പിടികൂടുകയും ചെയ്തു.

## ദണ്ഡി

ബ്രിട്ടീഷ് ഇന്ത്യയിൽ ഉപ്പിന് നികുതി ചുമത്തിയതിൽ പ്രതിഷേധിച്ച് 1930 മാർച്ച് 12-ന് മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ആരംഭിച്ച അഹിംസ സത്യാഗ്രഹമാണ് **ഉപ്പു സത്യാഗ്രഹം** എന്നറിയപ്പെടുന്നത്.[1] മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിൽ ദണ്ഡിയിലേക്ക് നടത്തിയ യാത്രയോടെയാണ് ഇതാരംഭിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ നേതൃത്വത്തിൽ പൂർണ്ണ സ്വരാജ് പ്രഖ്യാപിച്ചതിനു ശേഷം നടന്ന ആദ്യ പ്രഖ്യാപിത സമരമായിരുന്നു ഇത്. മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ ഗുജറാത്തിലെ, സബർമതിയിലെ ഗാന്ധിയുടെ ആശ്രമം മുതൽ ദണ്ഡി വരെ നികുതി നൽകാതെ ഉപ്പു ഉല്പാദിപ്പിക്കുന്നതിനായി ദണ്ഡി യാത്ര നടന്നു. ഉപ്പിനു മേലുള്ള നികുതി നിയമം ഗാന്ധിയും കൂട്ടരും ലംഘിച്ചതിനെ തുടർന്ന് നിയമ ലംഘനത്തിന്റെ പേരിൽ ലക്ഷക്കണക്കിനു ഇന്ത്യക്കാർക്ക് ബ്രിട്ടീഷ് ഗവൺമെന്റ് കേസു ചുമത്തി[2][3] ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനെക്കുറിച്ച് ബ്രിട്ടന്റെ നിലപാടുകൾക്ക് ഏറെ മാറ്റം വരുത്താൻ സഹായിച്ചിരുന്നു ഈ ഉപ്പു സത്യാഗ്രഹം.[4][5] ഉപ്പു സത്യാഗ്രഹത്തിന്റെ ജനപ്രീതി, ധാരാളം സാധാരണക്കാരായ ജനങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിലേക്ക് ആകർഷിച്ചു.

ഗവ. യു.പി.എസ്,വിതുര

# സ്മൃതി



ഗവ. യു.പി.എസ്,വിതുര

സ്മൃതി





ഗവ. യു.പി.എസ്,വിതുര


# സ്മൃതി
















ഗവ. യു.പി.എസ്,വിതുര

സ്മൃതി




ഗവ. യു.പി.എസ്,വിതുര